## പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## നാല്പത്തിയാറാമത് റിപ്പോർട്ട്

(2019 നവംബർ മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(സമിതി (2011-2014) യുടെ പതിനഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

# പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

നാല്പത്തിയാറാമത് റിപ്പോർട്ട്

(2019 നവംബർ മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(സമിതി (2011-2014) യുടെ പതിനഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്)**

1438/2019.

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 35 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2019-2021)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ്.

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

*ശ്രീ. അനിൽ അക്കര

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ. ജി, അണ്ടർ സെക്രട്ടറി.

---

* 2019 ജൂലൈ മാസം 1-ാം തീയതിയിലെ 700-ാം നമ്പർ ഭാഗം-2 ബുള്ളറ്റിൽ പ്രകാരം.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021) യുടെ 46-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2011-2014)യുടെ പതിനഞ്ചാമത് റിപ്പോർട്ടിലെ (കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് ഡയറക്ടറേറ്റ് എന്നിവയെ സംബന്ധിച്ച് ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2019 നവംബർ മാസം 18-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2019 നവംബർ 21.

# റിപ്പോർട്ട്

## അദ്ധ്യായം I

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)യുടെ 15-ാമത് റിപ്പോർട്ടിലെ (കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് ഡയറക്ടറേറ്റ് എന്നിവയെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)യുടെ 15-ാമത് റിപ്പോർട്ട് 2012 ഡിസംബർ മാസം 18-ാം തീയതി സഭയിൽ സമർപ്പിച്ചു. റിപ്പോർട്ടിൽ ആകെ 35 ശിപാർശകളാണുണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സർക്കാർ മറുപടി 26-7-2017, 25-7-2018 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയുണ്ടായി.

1.3 റിപ്പോർട്ടിലെ 7, 8, 9, 22, 26, 33, 42, 43, 44, 50, 58, 110, 139, 156 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തിനാൽ അവ സംബന്ധിച്ച് സമിതി അധിക വിവരം ആരാഞ്ഞിരുന്നു.

1.4 സമിതി റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച സർക്കാർ മറുപടി, സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നുള്ള സൂക്ഷ്മ പരിശോധനാക്കുറിപ്പ്, സമിതി ആവശ്യപ്പെട്ട അധിക വിവരം, അവയ്ക്ക് സർക്കാരിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച മറുപടി, തുടർ ശിപാർശകൾ എന്നിവയും അദ്ധ്യായം II-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

1.5 സർക്കാരിൽ നിന്നു ലഭിച്ച മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്നു തീരുമാനിച്ച ശിപാർശകളും സർക്കാർ മറുപടികളും അദ്ധ്യായം III-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## അദ്ധ്യായം II

**സമിതിയുടെ ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും തുടർ ശിപാർശകളും.**

## ഖണ്ഡിക 7

## ശിപാർശ

2.1.1 കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് വർഷത്തിൽ ഒരു വാല്യം എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ സർവ്വവിജ്ഞാനകോശത്തിന്റെ 20 വാല്യങ്ങളുടെ പ്രസിദ്ധീകരണം പൂർത്തിയാക്കാൻ തീരുമാനിക്കുകയും 1961-ൽ അതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയുമുണ്ടായി. എന്നാൽ, തീരുമാനിച്ചതിൽ നിന്നും വ്യത്യസ്തമായി 1972-ൽ മാത്രമാണ് ഇൻസ്റ്റിറ്റ്യൂട്ടിന് സർവ്വവിജ്ഞാനകോശത്തിന്റെ ആദ്യവാല്യം പ്രസിദ്ധീകരിക്കുവാനായത്. മാത്രമല്ല, അമ്പതുവർഷം പിന്നിട്ടിട്ടും, 20 വാല്യങ്ങളുടെ പ്രസിദ്ധീകരണമെന്ന ലക്ഷ്യം പൂർത്തീകരിക്കുവാൻ സ്ഥാപനത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല. വിശ്വസാഹിത്യ വിജ്ഞാനകോശത്തിന്റെ 10 വാല്യങ്ങളുടെ പ്രസിദ്ധീകരണമെന്ന ലക്ഷ്യമിട്ട് 1984-ൽ പ്രവർത്തനമാരംഭിച്ചു എങ്കിലും നാളിതുവരെയായിട്ടും പ്രസ്തുത ലക്ഷ്യം കൈവരിക്കുവാനും ഇൻസ്റ്റിറ്റ്യൂട്ടിന് സാധിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.1.2 1961 മുതൽ മലയാളം എൻസൈക്ലോപീഡിയ ഓഫീസായി പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം 1976 മുതലാണ് സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ തുടർ പ്രവർത്തനം ആരംഭിച്ചത്. ഇതിന് ശേഷമാണ് വാല്യങ്ങളുടെ പ്രസിദ്ധീകരണങ്ങളിൽ വൻപുരോഗതി കൈവരിക്കാനായത്. സർവ്വവിജ്ഞാനകോശം 20 വാല്യങ്ങളിലായും, വിശ്വസാഹിത്യ വിജ്ഞാനകോശം 10 വാല്യങ്ങളിലായും പ്രസിദ്ധീകരിക്കുക എന്ന അതിബൃഹത്തായ സംരംഭമാണ് ഈ സ്ഥാപനം ഏറ്റെടുത്തിരിക്കുന്നത്. ഇതിൽ സർവ്വവിജ്ഞാനകോശം ആദ്യത്തെ 15 വാല്യങ്ങളും വിശ്വസാഹിത്യവിജ്ഞാനകോശം ആദ്യത്തെ 8 വാല്യങ്ങളും ഇതിനകം പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഇതോടൊപ്പം ഏകവാല്യ വിജ്ഞാനകോശങ്ങളായ പരിസ്ഥിതി വിജ്ഞാനകോശം, പരിണാമ വിജ്ഞാനകോശം, ജ്യോതിശാസ്ത്ര വിജ്ഞാനകോശം, വാർഷിക വിജ്ഞാനകോശം എന്നിവയും പ്രസിദ്ധീകരിച്ചു

2.1.3 1 മുതൽ 10 വാല്യങ്ങൾ പ്രസിദ്ധീകരിച്ചതിനുശേഷം വർഷങ്ങൾ പിന്നിട്ടതിനാൽ അതിൽ പുതിയ വിവരങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 1, 2, 3, 4, 5, 6, 7, 9, 10 വാല്യങ്ങൾ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി. ബാക്കിയുള്ള വാല്യം സമയബന്ധിതമായി പരിഷ്കരിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ വാല്യങ്ങൾ പരിഷ്കരിക്കുന്നതിനും കൂടി സമയം കണ്ടെത്തിയതിനാലാണ് സർവ്വവിജ്ഞാനകോശത്തിന്റെയും വിശ്വസാഹിത്യ വിജ്ഞാന കോശത്തിന്റെയും ബാക്കിയുള്ള വാല്യങ്ങൾ പ്രസിദ്ധീകരിക്കുവാൻ കാലതാമസം ഉണ്ടായിരിക്കുന്നത്.

2.1.4 സർവ്വവിജ്ഞാനകോശത്തിന്റെയും വിശ്വസാഹിത്യ വിജ്ഞാനകോശത്തിന്റെയും ശേഷിക്കുന്ന വാല്യങ്ങൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ശരാശരി മൂന്നു വർഷത്തിലൊരിക്കൽ ഒരു വാല്യം പ്രസിദ്ധീകരിച്ചു വന്നിരുന്ന ഈ സ്ഥാപനം കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി ഒരു വർഷം ഒരു വാല്യം വീതം പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തിന് വേണ്ടി പ്രയത്നിക്കുകയാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്</u>

2.1.5 നാളിതുവരെയും ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ ഖണ്ഡിക നിലനിൽക്കുന്നു.

<u>തുടർ ശിപാർശ</u>

**2.1.6 കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രഖ്യാപിത ലക്ഷ്യ പ്രകാരം സർവ്വവിജ്ഞാനകോശത്തിന്റെ 20 വാല്യങ്ങളുടെയും, വിശ്വസാഹിത്യ വിജ്ഞാനകോശത്തിന്റെ 10 വാല്യങ്ങളുടെയും പ്രസിദ്ധീകരണം ലക്ഷ്യമിട്ട് പ്രവർത്തന മാരംഭിച്ചുവെങ്കിലും നാളിതുവരെയായിട്ടും പ്രസ്തുത ലക്ഷ്യം കൈവരിക്കുവാൻ ഇൻസ്റ്റിറ്റ്യൂട്ടിന് സാധിച്ചിട്ടില്ലായെന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്ന തോടൊപ്പം പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ ഭരണവകുപ്പ് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

<u>ഖണ്ഡിക 8</u>

<u>ശിപാർശ</u>

2.2.1 സ്വന്തമായ ആസ്ഥാന മന്ദിരത്തിന്റെ അഭാവംമൂലം ഓഫീസ് കെട്ടിടങ്ങൾ നിരന്തരം മാറേണ്ടിവന്നതിന്റെ ഫലമായുണ്ടായ പ്രവർത്തന തടസ്സം, അവശ്യം വേണ്ട ജീവനക്കാരുടെ അഭാവം, വിജ്ഞാനകോശങ്ങളിൽ ഉൾക്കൊള്ളിക്കുന്ന വിവരങ്ങളുടെ പൂർണ്ണതയും ആധികാരികതയും ഉറപ്പുവരുത്തുവാനാവശ്യമായ സമയം എന്നിവയാണ് കാലതാമസത്തിന് ഇൻസ്റ്റിറ്റ്യൂട്ട് നിരത്തുന്ന പ്രധാന കാരണങ്ങൾ. കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്ത വിജ്ഞാനകോശങ്ങളുടെ പ്രസിദ്ധീകരണ മെന്നത് അതിബൃഹത്തായ ഒരു പദ്ധതിയാണെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ, പ്രസ്തുത ലക്ഷ്യം കൈവരിക്കുവാൻ മതിയായ മുന്നൊരുക്കം സ്ഥാപനത്തിന്റെ ഭാഗത്തു നിന്നുണ്ടായതായി കാണുന്നില്ല. അതിവിപുലമായൊരു കർത്തവ്യം ഏല്പിക്കപ്പെട്ട സ്ഥാപനത്തിന് അരനൂറ്റാണ്ടായിട്ടും സ്വന്തമായി ഒരു ആസ്ഥാനമന്ദിരമോ ലക്ഷ്യപ്രാപ്തിക്ക് പര്യാപ്തമാകുംവിധം ജീവനക്കാരെയോ നൽകുന്നതിൽ ഭരണവകുപ്പ് പരാജയപ്പെട്ടതായി

സമിതി നിരീക്ഷിക്കുന്നു. വ്യക്തമായ ആസൂത്രണത്തിന്റെയും അർപ്പണബോധത്തിന്റെയും അഭാവവും പ്രഖ്യാപിത ലക്ഷ്യത്തിലെത്തുവാൻ വിഘാതമായതായി സമിതി വിലയിരുത്തുന്നു. വിജ്ഞാനകുതുകികളായ ലക്ഷക്കണക്കിനാളുകൾക്ക് പ്രയോജനപ്രദമാകുമായിരുന്ന ഒരു സംരംഭം വിജയതീരത്തെത്തിക്കുന്നതിൽ ഭരണവകുപ്പിന്റെയും ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ഭാഗത്തുനിന്നുമുണ്ടായ ഗുരുതരമായ വീഴ്ചയും അനാസ്ഥയും വിലങ്ങുതടിയായി എന്നത് സമിതി ഗൗരവത്തോടെയാണ് കാണുന്നത്.

## സർക്കാർ സ്വീകരിച്ച നടപടി

2.2.2 ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ നിയമനം പി.എസ്.സി.-ക്കു വിടുവാൻ ജി.ഒ.(പി) നമ്പർ 35/99/സി.എ.ഡി. തീയതി 18-8-1999 ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. അംഗീകരിച്ച്, നിയമനം നടത്തുന്നതിനുള്ള കരട് സ്പെഷ്യൽ റൂൾസ് ഇപ്പോൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വിവിധ തസ്തികകളിലായി 105 സ്ഥിരം ജീവനക്കാർ ജോലി ചെയ്തിരുന്ന ഈ സ്ഥാപനത്തിൽ 31 ജീവനക്കാർ മാത്രമാണ് സ്ഥിരം തസ്തികകളിൽ ഇപ്പോൾ ജോലി നോക്കുന്നത്. സ്ഥിരം ജീവനക്കാർ റിട്ടയർ ചെയ്തുവരുന്ന ഒഴിവിൽ സ്പെഷ്യൽ റൂൾസ് സർക്കാർ അംഗീകരിച്ചാൽ മാത്രമേ പി.എസ്.സി. വഴി ജീവനക്കാരെ നിയമിക്കുവാൻ കഴിയൂ. ഈ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം തുടങ്ങി 50 വർഷം കഴിഞ്ഞിട്ടും ഇപ്പോഴും വാടക കെട്ടിടത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി ഒരു ആസ്ഥാനമന്ദിരം ഉണ്ടാകേണ്ടതിന്റെ ആവശ്യകത കാലാകാലങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഭരണ സമിതിയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽ വന്നിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്

2.2.3 ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഭരണ വകുപ്പിന്റെയും ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയും, അനാസ്ഥയും തുടരുന്നതിനാൽ ഖണ്ഡിക നിലനിൽക്കുന്നു.

## തുടർ ശിപാർശ

**2.2.4 അതിവിപുലമായൊരു കർത്തവ്യം ഏല്പിക്കപ്പെട്ട കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന് പ്രവർത്തനം തുടങ്ങി 50 വർഷം കഴിഞ്ഞിട്ടും സ്വന്തമായി ഒരു ആസ്ഥാന മന്ദിരമോ ലക്ഷ്യപ്രാപ്തിക്ക് പര്യാപ്തമാകും വിധം ജീവനക്കാരെയോ ലഭ്യമാക്കാത്തതിലും ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നതിലും സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനാൽ ഈ രണ്ട് വിഷയത്തിന്മേലും സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക 9

### ശിപാർശ

2.3.1 ഈ സാഹചര്യത്തിൽ, സർവ്വവിജ്ഞാനകോശം, വിശ്വസാഹിത്യവിജ്ഞാനകോശം എന്നിവയുടെ എത്ര വാല്യങ്ങൾ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ഇനിയും അവശേഷിക്കുന്നവയുടെ പ്രസിദ്ധീകരണം സംബന്ധിച്ച നിലവിലെ സ്ഥിതിയെന്തെന്നും അറിയിക്കുവാൻ സമിതി ആവശ്യപ്പെടുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ലക്ഷ്യമിട്ട പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനാവശ്യമായ സത്വരമായ കർശനനടപടികൾ സ്വീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുഗമമായ പ്രവർത്തനം സർക്കാർ ഉറപ്പുവരുത്തണമെന്നും ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി ആസ്ഥാനമന്ദിരം നൽകുവാനും ആവശ്യമായ ജീവനക്കാരെ നിയമിക്കുവാനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.3.2

| | | |
|---|---|---|
| സർവ്വവിജ്ഞാനകോശം | വാല്യം 1 | 1972 ഡിസംബർ |
| സർവ്വവിജ്ഞാനകോശം | വാല്യം 2 | 1974 ഡിസംബർ |
| സർവ്വവിജ്ഞാനകോശം | വാല്യം 3 | 1976 ആഗസ്റ്റ് |
| സർവ്വവിജ്ഞാനകോശം | വാല്യം 4 | 1978 മാർച്ച് |
| സർവ്വവിജ്ഞാനകോശം | വാല്യം 5 | 1979 ആഗസ്റ്റ് |
| സർവ്വവിജ്ഞാനകോശം | വാല്യം 6 | 1981 ആഗസ്റ്റ് |
| സർവ്വവിജ്ഞാനകോശം | വാല്യം 7 | 1984 ജൂലൈ |
| സർവ്വവിജ്ഞാനകോശം | വാല്യം 8 | 1987 മേയ് |
| സർവ്വവിജ്ഞാനകോശം | വാല്യം 9 | 1990 ജൂൺ |
| സർവ്വവിജ്ഞാനകോശം | വാല്യം 10 | 1995 ഡിസംബർ |
| സർവ്വവിജ്ഞാനകോശം | വാല്യം 11 | 2000 മാർച്ച് |
| സർവ്വവിജ്ഞാനകോശം | വാല്യം 12 | 2004 ജനുവരി |

| | | |
|---|---|---|
| സർവ്വവിജ്ഞാനകോശം | വാല്യം 13 | 2005 സെപ്റ്റംബർ |
| സർവ്വവിജ്ഞാനകോശം | വാല്യം 14 | 2008 ജൂൺ |
| സർവ്വവിജ്ഞാനകോശം | വാല്യം 15 | 2010 സെപ്റ്റംബർ |
| വിശ്വസാഹിത്യവിജ്ഞാനകോശം | വാല്യം 1 | 1994 ആഗസ്റ്റ് |
| വിശ്വസാഹിത്യവിജ്ഞാനകോശം | വാല്യം 2 | 1996 ഡിസംബർ |
| വിശ്വസാഹിത്യവിജ്ഞാനകോശം | വാല്യം 3 | 2002 നവംബർ |
| വിശ്വസാഹിത്യവിജ്ഞാനകോശം | വാല്യം 4 | 2004 സെപ്റ്റംബർ |
| വിശ്വസാഹിത്യവിജ്ഞാനകോശം | വാല്യം 5 | 2005 ഡിസംബർ |
| വിശ്വസാഹിത്യവിജ്ഞാനകോശം | വാല്യം 6 | 2009 ജൂലൈ |
| വിശ്വസാഹിത്യവിജ്ഞാനകോശം | വാല്യം 7 | 2010 മാർച്ച് |
| വിശ്വസാഹിത്യവിജ്ഞാനകോശം | വാല്യം 8 | 2012 സെപ്റ്റംബർ |
| പരിസ്ഥിതിവിജ്ഞാനകോശം | (പി.ബി.) | 2000 ഒക്ടോബർ |
| പരിസ്ഥിതിവിജ്ഞാനകോശം | (ഹാർഡ് കവർ) | 2000 ഒക്ടോബർ |
| പരിസ്ഥിതിവിജ്ഞാനകോശം | (പരിഷ്കരിച്ചത്) | 2012 ജൂൺ |
| പരിണാമ വിജ്ഞാനകോശം | | 2010 ജനവരി |
| ജ്യോതിശാസ്ത്ര വിജ്ഞാനകോശം | | 2010 ജനവരി |
| വാർഷിക വിജ്ഞാനകോശം | | 2011 മാർച്ച് |
| സർവ്വവിജ്ഞാനകോശം | വാല്യം 1 (പരിഷ്കരിച്ചത്) | 2007 മാർച്ച് |
| സർവ്വവിജ്ഞാനകോശം | വാല്യം 2 (പരിഷ്കരിച്ചത്) | 2009 ജൂലൈ |
| സർവ്വവിജ്ഞാനകോശം | വാല്യം 3 (പരിഷ്കരിച്ചത്) | 2011 മാർച്ച് |
| സർവ്വവിജ്ഞാനകോശം | വാല്യം 4 (പരിഷ്കരിച്ചത്) | 2013 നവംബർ |
| സർവ്വവിജ്ഞാനകോശം | വാല്യം 5 (പരിഷ്കരിച്ചത്) | 2013 നവംബർ |
| സർവ്വവിജ്ഞാനകോശം | വാല്യം 6 (പരിഷ്കരിച്ചത്) | 2011 മാർച്ച് |

| | | |
|---|---|---|
| സർവ്വവിജ്ഞാനകോശം | വാല്യം 7 (പരിഷ്കരിച്ചത്) | 2012 ഫെബ്രുവരി |
| സർവ്വവിജ്ഞാനകോശം | വാല്യം 9 (പരിഷ്കരിച്ചത്) | 2012 ഒക്ടോബർ |
| സർവ്വവിജ്ഞാനകോശം | വാല്യം 10 (പരിഷ്കരിച്ചത്) | 2011 സെപ്റ്റംബർ |

2.3.3 സർവ്വവിജ്ഞാനകോശം 16-ാം വാല്യം പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വവിജ്ഞാനകോശം 17, 18, 19, 20 വാല്യങ്ങൾ, വിശ്വസാഹിത്യ വിജ്ഞാനകോശം 9, 10 എന്നീ വാല്യങ്ങൾ അടുത്ത 3 വർഷത്തിനുള്ളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രാരംഭ അടിയന്തര നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായ ഒരു ആസ്ഥാന മന്ദിരം ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള കാര്യങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്</u>

2.3.4 ഇൻസ്റ്റിറ്റ്യൂട്ട് ഇതുവരെ പ്രസിദ്ധീകരിച്ച വാല്യങ്ങളുടെ വിവരങ്ങൾ നൽകിയതിനാലും ഇനി പ്രസിദ്ധീകരിക്കാനുള്ള വാല്യങ്ങളുടെ നിലവിലെ സ്ഥിതി ലഭ്യമാക്കിയതിനാലും ഖണ്ഡിക ഒഴിവാക്കാവുന്നതാണ്.

<u>തുടർ ശിപാർശ</u>

**2.3.5 സമിതി ശിപാർശ പ്രകാരമുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക 22</u>

<u>ശിപാർശ</u>

2.4.1 സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിലെ വിവിധ തസ്തികകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചതിന് നാളിതുവരെ സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ദിവസക്കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചത് ന്യായീകരിക്കാവുന്നതാണെങ്കിൽ ആയതിന് സർക്കാർ സാധൂകരണം നൽകണമെന്നും, അല്ലാത്തപക്ഷം ഇപ്രകാരമുള്ള ദിവസവേതന നിയമനം നടത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഈയിനത്തിൽ നൽകിയ തുക ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇൻസ്റ്റിറ്റ്യൂട്ടിലെ വിവിധ തസ്തികകളിലേക്കുള്ള സ്പെഷ്യൽ ചട്ടങ്ങളും നാളിതുവരെ അംഗീകരിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, അടിയന്തരമായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുഗമമായ പ്രവർത്തനത്തിന് സ്പെഷ്യൽ റൂൾസ് അംഗീകരിക്കുന്നതിനും ആവശ്യമായ തസ്തികകളുടെ എണ്ണം, യോഗ്യത, ശമ്പള സ്കെയിൽ എന്നിവ തിട്ടപ്പെടുത്തി ജീവനക്കാരെ നിയമിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.4.2 2-12-1989-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്.) നമ്പർ 37/89/സി.എ.ഡി. ഉത്തരവ് പ്രകാരം അടിയന്തര ഘട്ടങ്ങളിൽ 15 ദിവസത്തിൽ കൂടാതെ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് അധികാരമുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥിരം ജീവനക്കാരുടെ അഭാവം മൂലം ഓഫീസ് ജോലിയുടെ സുഗമമായ പ്രവർത്തനത്തിന് തുടർച്ചയായി പതിനാല് ദിവസവും 15-ാം ദിവസം ബ്രേക്കും നൽകിയാണ് ദിവസവേതനക്കാരെ നിയമിച്ചിട്ടുള്ളത്. നിലവിൽ ഈ രീതിയിൽ 5 പേർ ജോലി ചെയ്തു വരുന്നു. ഈ നിയമത്തിന് ഭരണ സമിതിയുടെ അംഗീകാരവും കിട്ടിയിട്ടുണ്ട്. മേൽ പറഞ്ഞ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ചാണ് ദിവസവേതനക്കാരെ നിയമിച്ചിട്ടുള്ളത്. പി.എസ്.സി. വഴി ഇൻസ്റ്റിറ്റ്യൂട്ടിൽ നിയമനങ്ങൾ നടത്തുന്നതിനെ സംബന്ധിച്ചുള്ള റിക്രൂട്ട്മെന്റ് റൂൾസ് സർക്കാർ പരിഗണനയിലാണ്. ഇത് അംഗീകരിച്ചതിനു ശേഷം പി.എസ്.സി. വഴി ജീവനക്കാരെ നിയമിക്കുന്നതാണ്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

2.4.3 ദിവസക്കൂലി വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് തുടരുന്നു. സ്പെഷ്യൽ റൂളും ചട്ടങ്ങളും അംഗീകരിച്ചിട്ടില്ല. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകളുടെ എണ്ണം, യോഗ്യത, ശമ്പള സ്കെയിൽ എന്നിവ തിട്ടപ്പെടുത്തി ജീവനക്കാരെ നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ ഖണ്ഡിക നിലനിൽക്കുന്നു.

<u>തുടർശിപാർശ</u>

**2.4.4 1961-ൽ നിലവിൽ വന്ന സ്ഥാപനത്തിന്റെ സ്പെഷ്യൽ റൂൾസ് തയ്യാറാക്കി തുടർനടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ലായെന്ന കാര്യത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക 26</u>

<u>ശിപാർശ</u>

2.5.1 സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി മന്ദിരം നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും പാട്ടവ്യവസ്ഥയിൽ തിരുവനന്തപുരം വികാസ്ഭവന് സമീപം അനുവദിച്ച 18 സെന്റ് ഭൂമിക്ക് സ്ഥലത്തിന്റെ മതിപ്പുവിലയുടെ 10% തുകയായ 4.5 ലക്ഷം രൂപ അടയ്ക്കുകയും കെട്ടിടനിർമ്മാണത്തിന് ശിലാസ്ഥാപനം നടത്തുകയും ചെയ്തതിനുശേഷം

പ്രസ്തുത ഭൂമി റവന്യൂ വകുപ്പ് തിരിച്ചെടുത്തതായും ഇൻസ്റ്റിറ്റ്യൂട്ട് അടച്ച തുക നാളിതുവരെ തിരികെ നൽകിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന് ഭൂമി പാട്ടവ്യവസ്ഥയിൽ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്യുവാനിടയായ സാഹചര്യവും, ഭൂമി തിരിച്ചെടുത്തിട്ടും ഇൻസ്റ്റിറ്റ്യൂട്ട് അടച്ച 4.5 ലക്ഷം രൂപ തിരികെ നൽകാതിരിക്കുന്നതിന്റെ കാരണവും അറിയിക്കുവാൻ സമിതി ആവശ്യപ്പെടുന്നു. ഈ വിഷയത്തിൽ റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നതെന്ന് സമിതി വിലയിരുത്തുന്നു. മാത്രമല്ല, പ്രസ്തുത തുക റവന്യൂ വകുപ്പിന്റെ പക്കലുണ്ടായിരുന്ന കാലയളവിലെ പലിശയ്ക്ക് ഇൻസ്റ്റിറ്റ്യൂട്ടിന് അർഹതയുണ്ടെന്നും ആയതിനാൽ, റവന്യൂ വകുപ്പിൽ ഇൻസ്റ്റിറ്റ്യൂട്ട് അടച്ച 4.5 ലക്ഷം രൂപ സാധാരണ നിരക്കിലുള്ള പലിശ സഹിതം ഇൻസ്റ്റിറ്റ്യൂട്ടിന് തിരികെ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, പലിശയിനത്തിൽ നൽകുന്ന തുക, യഥാസമയം ഇൻസ്റ്റിറ്റ്യൂട്ടിന് തുക തിരികെ നൽകുന്നതിൽ വീഴ്ച വരുത്തിയതിന് ഉത്തരവാദികളായ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഈ വിഷയത്തിന്മേലും, ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന കല്പന ബംഗ്ലാവ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരിൽ സൗജന്യമായി നൽകുന്ന കാര്യത്തിലും സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് അടിയന്തരമായി നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.5.2 ഈ സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം പണിയുന്നതിനുവേണ്ടി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 2638-ൽ ഉൾപ്പെട്ട 18 സെന്റ് പുറമ്പോക്ക് ഭൂമി 21-3-2001-ലെ ജി.ഒ.(എംഎസ്.)76/01/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 25 വർഷത്തേക്ക് പാട്ടത്തിന് അനുവദിക്കുകയും, മതിപ്പ് വിലയുടെ 10% പാട്ടവാടകയായി ആദ്യഗഡുവായ 4.5 ലക്ഷം രൂപ 22-3-2001-ൽ ഒടുക്ക് വരുത്തുകയും ചെയ്തു.

2.5.3 എന്നാൽ 2006 വരെ കെട്ടിടം പണിയുന്നതിനുള്ള അനുമതിയോ അതിനുള്ള ഫണ്ടോ എസ്.ഐ.ഇ.പി.-ക്ക് സർക്കാർ നൽകിയില്ല. ആദ്യ ഗഡുവായ 4.5 ലക്ഷം രൂപ അടച്ചതിനുശേഷം പാട്ടവാടക അടച്ചതായി രേഖകളും കാണുന്നില്ല. 2006-ൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിച്ചുകൊണ്ടിരുന്ന സർക്കാർ ഉടമസ്ഥതയിലുള്ള കല്പനാ ബംഗ്ലാവും അത് ഇരിക്കുന്ന 50 സെന്റ് സ്ഥലവും ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി നൽകുന്ന പക്ഷം വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 2638-ൽ ഉൾപ്പെട്ടതും 21-3-2001-ലെ ജി.ഒ.(എംഎസ്.) 76/01/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 25 വർഷത്തേക്ക് എസ്.ഐ.ഇ.പി.-ക്ക് പാട്ടത്തിന് നല്കിയ ഭൂമി സർക്കാരിന് വിട്ട് തരാമെന്ന് ബഹു. മുഖ്യമന്ത്രിയേയും, സാംസ്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയേയും, 1-3-2006-ലെ 825/ഇ 4/2005/

എസ്.ഐ.ഇ.പി. നമ്പർ കത്ത് മുഖേന അറിയിച്ചിരുന്നു. ഈ വിവരം 25-8-2006-ലെ ഡി.ഒ. ലെറ്റർ നമ്പർ 608/ഇ 1/92/എസ്.ഐ.ഇ.പി. നമ്പർ മുഖേന അന്നത്തെ ജില്ലാ കളക്ടറേയും അറിയിച്ചിരുന്നു. 23-12-2006-ലെ ജി.ഒ.(എംഎസ്.) 371/06/സി.എ.സി. ഉത്തരവ് പ്രകാരം 18 സെന്റ് പുറമ്പോക്ക് ഭൂമി എസ്.ഐ.ഇ.പി.-യ്ക്ക് അനുവദിച്ച സർക്കാർ നടപടി സർക്കാർ റദ്ദു ചെയ്തു. എന്നാൽ സർക്കാർ ഉടമസ്ഥതയിലുള്ള കല്പനാ ബംഗ്ലാവും അത് ഇരിക്കുന്ന സ്ഥലവും പകരം ഇൻസ്റ്റിറ്റ്യൂട്ടിന് നൽകണം എന്നുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ അഭ്യർത്ഥന സർക്കാരിന്റെ പരിഗണനയിലാണ്.

2.5.4 കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിച്ചിരുന്ന ജഗതിയിലെ കല്പനാ ബംഗ്ലാവ് 19-12-2012-ലെ ജി.ഒ.(എംഎസ്.) നമ്പർ 480/2012/റവന്യൂ ഉത്തരവ് പ്രകാരം, സഹകരണ സമുച്ചയം നിർമ്മിക്കുന്നതിന് സഹകരണ വകുപ്പിന് കൈമാറിയതിന്റെ അടിസ്ഥാനത്തിൽ ഈ കെട്ടിടം പൊളിച്ച് മാറ്റുകയും 1-4-2013 മുതൽ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം പുളിമൂട്ടിലെ ജി.പി.ഒ. ലെയിനിൽ സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് വക കെട്ടിടത്തിൽ വാടകയ്ക്ക് പ്രവർത്തിച്ചുവരികയാണെന്നും അറിയിച്ചുകൊള്ളുന്നു.

2.5.5 ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി സ്ഥലം അനുവദിച്ചിട്ടും ആസ്ഥാന മന്ദിരം പണിയുന്നതിനുള്ള ബഡ്ജറ്റ് വിഹിതം ലഭ്യമായിട്ടില്ല.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

2.5.6 റവന്യൂ വകുപ്പിൽ ഇൻസ്റ്റിറ്റ്യൂട്ട് പാട്ടവാടകയായി അടച്ച 4.5 ലക്ഷം രൂപയുടെ രേഖകളൊന്നും കാണാനില്ല. ഇൻസ്റ്റിറ്റ്യൂട്ട് സ്ഥിതി ചെയ്തിരുന്ന കല്പനാ ബംഗ്ലാവ് പൊളിച്ചു മാറ്റി സഹകരണ വകുപ്പിന് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി പണി ആരംഭിച്ചിട്ടുണ്ട്. പുതുതായി പണികഴിപ്പിക്കുന്ന കെട്ടിടത്തിലെ ഒരു നില പൂർണ്ണമായും അല്ലെങ്കിൽ 10,000 (പതിനായിരം) ചതുരശ്ര അടി, ഇതിലേതാണോ കുറവ് ടി സ്ഥലം പി.ഡബ്ല്യു.ഡി. നിശ്ചയിക്കുന്ന വാടകയുടെ 50% നിരക്കിൽ എന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച എസ്.ഐ.ഇ.പി. ഇൻസ്റ്റിറ്റ്യൂട്ടിന് മാറ്റി വച്ച് കൊണ്ട് 1-4-2013-ൽ എഗ്രിമെന്റ് ഒപ്പുവച്ച കത്ത് 8-10-2015-ലെ 1972/ഇ 1/12/എസ്.ഐ.ഇ.പി. നമ്പർ കത്ത് പ്രകാരം എസ്.ഐ.ഇ.പി. ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പാട്ടവാടകയായി അടച്ച 4.5 ലക്ഷം രൂപയുടെ രേഖകൾ ഒന്നുംതന്നെ സൂക്ഷിക്കാത്തത് ഗുരുതര വീഴ്ചയായി ഓഡിറ്റ് കാണുന്നതിനാൽ പരാമർശം നിലനിൽക്കുന്നു.

<u>തുടർ ശിപാർശ</u>

**2.5.7 എഗ്രിമെന്റ് പ്രകാരമുള്ള പതിനായിരം സ്ക്വയർ ഫീറ്റ് സ്ഥലം ഏറ്റെടുത്ത് ഓഫീസ് പ്രവർത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ആയത് വാടകയില്ലാതെ സൗജന്യമായി അനുവദിക്കാൻ പറ്റുമോ എന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക 33

### ശിപാർശ

2.6.1 ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചെലവുകൾക്കുള്ള തുക ദൈനംദിന വരവിൽനിന്നും എടുത്തിരുന്ന നടപടി തികച്ചും ക്രമവിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. സാമ്പത്തിക അച്ചടക്കത്തിന്റെ ഭാഗമായി ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിരുന്ന സമയത്ത് ഇൻസ്റ്റിറ്റ്യൂട്ടിലെ ഒഴിച്ചുകൂടാൻ സാധിക്കാത്ത ചെലവുകൾക്കാണ് ദിനവരവിൽനിന്നു തുക എടുത്തിരുന്നതെന്ന് വാദിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട്, ട്രഷറി നിയന്ത്രണം ഇല്ലാത്തപ്പോഴും ഈ പ്രവണത തുടർന്നിരുന്നതായി സമിതിക്ക് ബോധ്യമാകുന്നു. ട്രഷറി കോഡിന് വിരുദ്ധമായ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഈ നടപടി അംഗീകരിക്കുവാനാകില്ല ആയതിനാൽ, പണമിടപാടുകൾ നിലവിലുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരംതന്നെ നടത്തേണ്ടതാണെന്ന് സമിതി നിഷ്കർഷിക്കുന്നു. കൂടാതെ, ഇവ ലംഘിക്കുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.6.2 സർക്കാർ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയത് കൊണ്ടാണ് ഇൻസ്റ്റിറ്റ്യൂട്ട് ജനറൽ ഫണ്ടായ റ്റി.പി.എ. 230-ൽ നിന്നും തുക മാറാൻ കഴിയാത്തത്. എന്നാൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒഴിവാക്കാനാവാത്ത ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അടിയന്തരമായി കണ്ടെത്തേണ്ടതുകൊണ്ടാണ് റിവോൾവിംഗ് ഫണ്ടിൽ അടയ്ക്കേണ്ട ദിന വരവിൽ നിന്നും തുക കണ്ടെത്തിയത്. ഇപ്രകാരം ചെലവാക്കിയ തുക ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് റിവോൾവിംഗ് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കാറുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്

2.6.3 റിവോൾവിംഗ് ഫണ്ടിൽ നിന്നും ഇപ്പോഴും തുക പിൻവലിക്കുന്നതിനാൽ ഖണ്ഡിക നിലനിൽക്കുന്നു.

### തുടർശിപാർശ

**2.6.4 ട്രഷറി നിയന്ത്രണം നിലവിലില്ലാത്തപ്പോൾ റിവോൾവിംഗ് ഫണ്ടിൽ നിന്നും തുക പിൻവലിക്കുന്നത് ഒഴിവാക്കി പണമിടപാട് ട്രഷറി മുഖാന്തരം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഖണ്ഡിക 42

ശിപാർശ

2.7.1 ഇൻസ്റ്റിറ്റ്യൂട്ട്, സർക്കാർ/അർദ്ധസർക്കാർ/ബാങ്ക് ജീവനക്കാർക്ക് പുസ്തകം തവണവ്യവസ്ഥയിൽ നൽകിയ ഇനത്തിൽ 31-1-2001 വരെ കുടിശ്ശികയായിരുന്ന 9,63,338 രൂപയിൽ 31-1-2008 വരെ 6,72,271 രൂപ പിരിച്ചെടുത്തതായി ഓഡിറ്റിന് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കുന്നു. എന്നാൽ, അവശേഷിക്കുന്ന കുടിശ്ശികയുടെ കാര്യത്തിൽ ലഭ്യമാക്കിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള തുകയും (2,91,067 രൂപ) ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബി. സ്റ്റേറ്റ്മെന്റിലെ തുകയും (2,92,546 രൂപ) തമ്മിൽ 1,479 രൂപയുടെ വ്യത്യാസമുള്ളതായും പിരിച്ചെടുത്ത തുക സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററോ ഡിമാന്റ് സ്റ്റേറ്റ്മെന്റോ അനുബന്ധ രേഖകളോ പരിശോധനയ്ക്കായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ല എന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.7.2 ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയതിലുള്ള നോട്ടപിശക് കാരണമാണ് 479 രൂപയുടെ വ്യത്യാസം കണ്ടത്. ബന്ധപ്പെട്ട എല്ലാ രേഖകളും ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. എങ്കിലും 1479 രൂപയുടെ കുറവ് പരിശോധനയിൽ കണ്ടെത്താൻ കഴിയുന്നില്ല.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

2.7.3 സ്ഥാപനം നൽകിയ മറുപടി തൃപ്തികരമല്ല. ബന്ധപ്പെട്ട എല്ലാ രേഖകളും ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഖണ്ഡിക നിലനിൽക്കുന്നു.

തുടർ ശിപാർശ

**2.7.4 ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ട പ്രകാരമുള്ള ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കി റിപ്പോർട്ട് ചെയ്യുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക 43

ശിപാർശ

2.8.1 ട്രഷറി/ബാങ്ക് എന്നിവ മുഖേന ശമ്പളം കൈപ്പറ്റുന്ന സർക്കാർ/അർദ്ധസർക്കാർ/ ബാങ്ക് ജീവനക്കാർക്ക് വ്യക്തമായ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തവണവ്യവസ്ഥയിൽ പുസ്തകം നൽകുന്നത് എന്നിരിക്കെ ഇക്കാര്യത്തിൽ കുടിശ്ശിക ഉണ്ടായതിന് യാതൊരു ന്യായീകരണവും കാണുവാൻ കഴിയില്ല. സ്ഥാപനങ്ങൾക്ക് തവണ

വ്യവസ്ഥയിൽ പുസ്തകം നൽകിയതിലും സ്ഥിതി വ്യത്യസ്തമല്ല. പുസ്തകം തവണ വ്യവസ്ഥയിൽ നൽകിയശേഷം തുക പിരിച്ചെടുക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും തവണത്തുക ഈടാക്കുന്നതിൽ മതിയായ ശ്രദ്ധയുണ്ടാകാത്തതാണ് ഇത്രയും ഭീമമായ കുടിശ്ശികയ്ക്ക് ഇടയാക്കിയത് എന്ന് സമിതി നിരീക്ഷിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ട് നേരിട്ടിട്ടുപോലും കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുവാനുള്ള ആത്മാർത്ഥമായ യാതൊരു ശ്രമവും ഇൻസ്റ്റിറ്റ്യൂട്ട് നടത്താത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പുസ്തകം തവണ വ്യവസ്ഥയിൽ നൽകുന്നത് സംബന്ധിച്ച് ഡിമാന്റ് രജിസ്റ്റർ, ഡിമാന്റ് സ്റ്റേറ്റ്മെന്റ്, അനുബന്ധ രേഖകൾ എന്നിവ സൂക്ഷിക്കുന്നതിലും പരിശോധനയ്ക്കായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നതിലും സംഭവിച്ച വീഴ്ചയേയും സമിതി ഗൗരവമായി വീക്ഷിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.8.2 വിജ്ഞാനകോശവാല്യങ്ങൾ ക്രെഡിറ്റ് പദ്ധതി മുഖേന വാങ്ങി കുടിശ്ശിക വരുത്തിയ ജീവനക്കാരോട് കുടിശ്ശിക അടയ്ക്കുവാൻ ബന്ധപ്പെട്ട വ്യക്തികളെ ടെലിഫോൺ മുഖാന്തരവും കത്തുകൾ വഴിയും മേലധികാരികൾക്ക് റിക്കവറി നോട്ടീസ് മുഖാന്തരവും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. എന്നിരുന്നാലും പലരും ഇതിൽ വീഴ്ച വരുത്തുകയും തവണകളടയ്ക്കാതെ സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തു. ഇപ്രകാരമുള്ള ജീവനക്കാരുടെ വിലാസം, പെൻഷൻ കൈപ്പറ്റുന്ന ട്രഷറിയുടെ വിവരം മുതലായവ ഇവർ ജോലി ചെയ്തിരുന്ന ഓഫീസ് മേധാവികളിൽ നിന്നും ശേഖരിച്ച് ട്രഷറിയുമായി ബന്ധപ്പെട്ട് കുടിശ്ശിക ഈടാക്കുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ സ്വീകരിച്ച നടപടികളിലൂടെ കുടിശ്ശിക കൃത്യമായും ശേഖരിച്ചു വരികയാണ്. സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും തവണ വ്യവസ്ഥയിൽ വാല്യങ്ങൾ നൽകിയ ഇനത്തിലുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റും മറ്റ് വിവരങ്ങളും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

2.8.3 തവണ വ്യവസ്ഥയിൽ വാല്യങ്ങൾ നൽകിയ ഇനത്തിലുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റും ബന്ധപ്പെട്ട രേഖകളും ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കാത്ത സാഹചര്യത്തിൽ ഖണ്ഡിക നിലനിൽക്കുന്നു.

<u>തുടർ ശിപാർശ</u>

**2.8.4 തവണ വ്യവസ്ഥയിൽ വാല്യങ്ങൾ നൽകിയ ഇനത്തിലുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റും ബന്ധപ്പെട്ട രേഖകളും ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കി റിപ്പോർട്ട് ചെയ്യുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക 44

### ശിപാർശ

2.9.1 ആയതിനാൽ, ഇൻസ്റ്റിറ്റ്യൂട്ട്, സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും തവണ വ്യവസ്ഥയിൽ പുസ്തകം നൽകിയ ഇനത്തിൽ നാളിതുവരെയുള്ള കുടിശ്ശിക സംബന്ധിച്ച വിശദവിവരങ്ങളടങ്ങിയ സ്റ്റേറ്റ്മെന്റും പ്രസ്തുത കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ, ഭാവിയിൽ കുടിശ്ശികയുണ്ടാകാതെ തുക പിരിച്ചെടുക്കണമെന്നും ഇവ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് യഥാസമയം ഹാജരാക്കണമെന്നും അക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.9.2 വിജ്ഞാനകോശ വാല്യങ്ങൾ ക്രെഡിറ്റ് പദ്ധതി മുഖേന വാങ്ങി കുടിശ്ശിക വരുത്തിയ ജീവനക്കാരോട് കുടിശ്ശിക അടയ്ക്കുവാൻ ബന്ധപ്പെട്ട വ്യക്തികളെ ടെലിഫോൺ വഴിയും കത്തുകൾ വഴിയും മേലധികാരികൾക്ക് റിക്കവറി നോട്ടീസ് എന്നിവ വഴിയും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എന്നിരുന്നാലും പലരും ഇതിൽ വീഴ്ച വരുത്തുകയും തവണകളടയ്ക്കാതെയും സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തു. ഇപ്രകാരമുള്ള ജീവനക്കാരുടെ മേൽവിലാസം, പെൻഷൻ കൈപ്പറ്റുന്ന ട്രഷറിയുടെ വിവരം മുതലായവ ഇവർ ജോലി ചെയ്തിരുന്ന ഓഫീസ് മേധാവികളിൽ നിന്നും ശേഖരിച്ച് ട്രഷറിയുമായി ബന്ധപ്പെട്ട് കുടിശ്ശിക ഈടാക്കുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ സ്വീകരിച്ച നടപടികളിലൂടെ കുടിശ്ശിക കൃത്യമായും ശേഖരിച്ച് വരികയാണ്. സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും തവണ വ്യവസ്ഥയിൽ വാല്യങ്ങൾ നൽകിയ ഇനത്തിലുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റും മറ്റ് വിവരങ്ങളും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്

2.9.3 സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും തവണ വ്യവസ്ഥയിൽ പുസ്തകം നല്കിയ ഇനത്തിൽ നാളിതുവരെ കുടിശ്ശിക സംബന്ധിച്ച വിശദ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റും പ്രസ്തുത കുടിശ്ശിക തുക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാക്കാത്തതിനാൽ ഖണ്ഡിക നിലനിൽക്കുന്നു.

### തുടർ ശിപാർശ

**2.9.4 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എൻ.എൽ.സി. നൽകിയ മേലധികാരികളുടെ ലിസ്റ്റ് സമിതിക്ക് ലഭ്യമാക്കുന്നതിനും ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ജീവനക്കാരോട് വിശദീകരണം ആവശ്യപ്പെടുന്നതിനും കുടിശ്ശിക തുക തിരിച്ചടപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക 50

### ശിപാർശ

2.10.1 ഇൻസ്റ്റിറ്റ്യൂട്ട് റിവോൾവിംഗ് ഫണ്ടിൽ നിന്നും 2001-02 ലും (30,84,757 രൂപ) 2002-03-ലും (22,45,732 രൂപ) എടുത്ത വായ്പാതുകയുടെ നാളിതുവരെയുള്ള തിരിച്ചടവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ, പ്രസ്തുത തുക പൂർണ്ണമായും തിരിച്ചടയ്ക്കാത്തപക്ഷം ആയതിനുള്ള കാരണമറിയിക്കുവാനും അവശേഷിക്കുന്ന തുക അടച്ചുതീർക്കുവാനുള്ള നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.10.2 2001-2002-ൽ ഇൻസ്റ്റിറ്റ്യൂട്ട് റിവോൾവിംഗ് ഫണ്ടിൽ നിന്നും കടം എടുത്ത വകയിൽ 15,32,172 രൂപ തിരിച്ചടച്ചിട്ടുള്ളതായും കാണുന്നു. 2002-2003-ൽ ഇൻസ്റ്റിറ്റ്യൂട്ട് റിവോൾവിംഗ് ഫണ്ടിൽ നിന്നും കടം എടുത്ത വകയിൽ 9,58,894 രൂപ തിരിച്ചടച്ചിട്ടുള്ളതായും കാണുന്നു. ഓരോ സാമ്പത്തിക വർഷവും സർക്കാരിൽ നിന്നും ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിക്കുന്ന പദ്ധതിയേതരയിനത്തിലുള്ള ഗ്രാന്റ് ജീവനക്കാരുടെ 6 മാസത്തെ ശമ്പളത്തിനും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവിനുപോലും തികയാറില്ല. ഇത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കാറുണ്ട്. ജീവനക്കാരുടെ ശമ്പളത്തിനും അത്യാവശ്യ ചെലവുകൾക്കുവേണ്ടിയും റിവോൾവിംഗ് ഫണ്ടിൽ നിന്നും കടമെടുക്കാറുണ്ട്. സർക്കാരിൽ നിന്നും മതിയായ ഗ്രാന്റ് ലഭിക്കുന്ന മുറയ്ക്ക് തിരിച്ചടയ്ക്കാമെന്ന വ്യവസ്ഥയിലാണ് ഇപ്രകാരം ചെയ്യുന്നത്. ഇപ്രകാരം കടമെടുക്കുന്നതിന് സർക്കാർ അംഗീകരിച്ച ഇൻസ്റ്റിറ്റ്യൂട്ടിലെ റിവോൾവിംഗ് ഫണ്ട് റൂളിൽ വ്യവസ്ഥയുണ്ട്. സർക്കാരിൽ നിന്നും ഗ്രാന്റ് അനുവദിക്കണമെന്ന് ആവശ്യപ്പെടാറുണ്ടെങ്കിലും അധിക ഗ്രാന്റ് അനുവദിക്കാറില്ലയെന്നതാണ് വസ്തുത. ആയതിനാൽ മുഴുവൻ തുകയും തിരിച്ചടയ്ക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ ഫണ്ടിന്റെ അപര്യാപ്തത മൂലം എല്ലാ വർഷവും ഇത്തരത്തിൽ കടം എടുക്കുകയും സർക്കാർ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അതിൽ കുറച്ച് തുക തിരിച്ചടയ്ക്കാറുമുണ്ട്. നാളിതുവരെ ഈ അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ട തുക 286 ലക്ഷം രൂപ വരും. ഈ തുക തിരിച്ചടയ്ക്കുന്നതിനായി സർക്കാരിൽ നിന്നും വർഷാവർഷം ലഭിക്കുന്ന Non-plan, SDG തുകകളുടെ ഒരു ഭാഗം ഉപയോഗിക്കുന്നുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്

2.10.3 റിവോൾവിംഗ് ഫണ്ടിൽ നിന്നും എടുത്ത തുക തിരിച്ചടച്ചിട്ടില്ലാത്തതിനാൽ ഖണ്ഡിക നിലനിൽക്കുന്നു.

തുടർ ശിപാർശ

**2.10.4 സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ തുക നോൺ-പ്ലാൻ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക 58

ശിപാർശ

2.11.1 വാടക വർദ്ധനവ് സംബന്ധിച്ച് ട്രിഡയുമായി ചർച്ച ചെയ്ത് വാടക കുറയ്ക്കാൻ ശ്രമിക്കാതെ സൗകര്യങ്ങൾക്ക് മുൻതൂക്കം നൽകി എന്ന ഒറ്റ കാരണം കാണിച്ച്, പുസ്തകങ്ങൾ സൂക്ഷിക്കുന്നതിന് അനുയോജ്യമാണോ എന്നുപോലും പരിശോധിക്കാതെ ഏറ്റവും കൂടുതൽ തുക ക്വട്ടേഷൻ നൽകിയ വ്യക്തിയുടെ കെട്ടിടം വാടകയ്ക്കെടുത്തത് ന്യായീകരിക്കാനാവില്ല. ആയതിനാൽ, ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നതിന് അനുയോജ്യമാണോയെന്ന് ശരിയായി വിലയിരുത്താതെ ഉയർന്ന നിരക്കിൽ കെട്ടിടം വാടകയ്ക്കെടുത്തത് മുഖേന ഇൻസ്റ്റിറ്റ്യൂട്ടിന് സംഭവിച്ച നഷ്ടം സംബന്ധിച്ച് പരിശോധിച്ച് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.11.2 ലഭിച്ച ക്വട്ടേഷനുകൾ ചതുരശ്ര അടിക്ക് 12-17 വരെയായിരുന്നു. ഒരു സ്വകാര്യ വ്യക്തി ഒരു സാംസ്കാരിക സ്ഥാപനമെന്ന നിലയിൽ ചതുരശ്ര അടിക്ക് 6 രൂപ നിരക്കിൽ 10,000 ചതുരശ്ര അടി 60,000 രൂപ മാസവാടക നിശ്ചയിച്ച് നൽകിയതിനാൽ ഇൻസ്റ്റിറ്റ്യൂട്ടിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ല.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

2.11.3 ബന്ധപ്പെട്ട ഫയലുകളും രേഖകളും ഹാജരാക്കാനും സമിതിയുടെ നിർദ്ദേശപ്രകാരം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടം ഈടാക്കി റിപ്പോർട്ട് നൽകാനും ആവശ്യപ്പെട്ടിട്ടുണ്ട്. ഖണ്ഡിക നിലനിൽക്കുന്നു. ഖണ്ഡികയിൽ പരാമർശിക്കുന്ന കെട്ടിടത്തിലല്ല ഇപ്പോൾ ഗോഡൗൺ പ്രവർത്തിക്കുന്നത് എന്ന വിവരം കൂടി അറിയിക്കുന്നു.

തുടർ ശിപാർശ

**2.11.4 സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങൾ സൂക്ഷിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തണമെന്നും സഹകരണ വകുപ്പ് നൽകാമെന്ന് പറഞ്ഞിരിക്കുന്ന സ്ഥലം ഏറ്റെടുത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

**2.11.5 പി.ടി തോമസ് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകൾ കൂടി പരിഗണിച്ച് സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന് ആവശ്യമായ മാറ്റങ്ങൾ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക 110

## ശിപാർശ

2.12.1 ഭരണസമിതിയാണ് സാമ്പത്തിക ബാധ്യത വരുന്ന കാര്യങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ എടുക്കേണ്ടതെന്നും വളരെ അടിയന്തരഘട്ടങ്ങളിൽ ഡയറക്ടർക്ക് തീരുമാനങ്ങൾ എടുക്കാൻ അധികാരമുണ്ടെങ്കിലും പ്രസ്തുത തീരുമാനങ്ങൾക്ക് ഭരണസമിതിയുടെ സാധൂകരണം എത്രയും വേഗം വാങ്ങേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. മേൽ ഓഡിറ്റ് ഖണ്ഡികയിൽ പരാമർശ വിധേയമായതും ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയതുമായ താൽക്കാലിക നിയമനങ്ങൾക്ക് ഭരണസമിതിയുടെ സാധൂകരണം വാങ്ങി റിപ്പോർട്ട് നൽകുവാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ, സ്പെഷ്യൽ റൂൾസ് ക്രോഡീകരിച്ച് നിയമനങ്ങൾ പി.എസ്.സി. മുഖേനയാക്കുന്നതിനും താല്ക്കാലിക നിയമനങ്ങൾ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുമാത്രം നടത്തുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.12.2 (G.O.(MS) No. 37/89/CAD dated 2/12/1989) സർക്കാർ ഉത്തരവു പ്രകാരം അത്യാവശ്യ ഘട്ടങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് 15 ദിവസത്തിൽ കവിയാതെ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ അധികാരമുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങളെല്ലാം പി.എസ്.സി.-ക്ക് വിട്ടുകൊണ്ടുള്ള G.O.(P) No. 35/99/CAD dated 18-8-1999-ാം സർക്കാർ ഉത്തരവിനുശേഷം റിട്ടയർ ചെയ്ത ജീവനക്കാരുടെ ഒഴിവുകളിൽ ഒന്നും തന്നെ സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടില്ല. ജീവനക്കാരുടെ അഭാവം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ള അധികാര പരിധിയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചത്. ഇതുവരെ നിയമിച്ച എല്ലാ ദിവസ/കരാർ നിയമനങ്ങൾക്കും ഭരണസമിതിയുടെയോ സർക്കാരിന്റെയോ സാധൂകരണം വാങ്ങിയിട്ടുണ്ട്. സമിതി നിർദ്ദേശപ്രകാരം താൽക്കാലിക നിയമനങ്ങൾ ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് മാത്രമേ നടത്തി വരുന്നുള്ളൂ.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്

2.12.3 ഖണ്ഡികയിൽ പരാമർശ വിധേയമായതും ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയതുമായ നിയമനങ്ങൾക്ക് ഭരണ സമിതിയുടെ സാധൂകരണം വാങ്ങി ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. നാളിതുവരെ ഹാജരാക്കിയിട്ടില്ല. ഖണ്ഡിക നിലനിൽക്കുന്നു.

തുടർ ശിപാർശ

**2.12.4 ഖണ്ഡികയിൽ പരാമർശ വിധേയമായതും ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയതുമായ നിയമനങ്ങൾക്ക് ഭരണസമിതിയുടെ സാധൂകരണം വാങ്ങി ഓഡിറ്റിന് ലഭ്യമാക്കണമെന്നും സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിന് സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക 139

ശിപാർശ

2.13.1 ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ മറുപടിയിൽ നിന്നും ഇനിയും 92,460 രൂപ മുഖവിലയുള്ള പുസ്തകങ്ങളുടെ കണക്ക് കണ്ടെത്തേണ്ടിയിരിക്കുന്നു എന്നാണ് വ്യക്തമാകുന്നത്. 3.16 ലക്ഷം രൂപയുടെ പുസ്തകങ്ങളുടെ നഷ്ടം സംബന്ധിച്ച വിഷയത്തിൽ സമിതിയുടെ ഇടപെടൽമൂലം മാത്രമാണ് ഇത്രയെങ്കിലും കണക്കുകൾ ശരിയാക്കുന്നതിന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർ നടപടി സ്വീകരിച്ചതെന്ന് സമിതി വിലയിരുത്തുന്നു. പുസ്തക വില്പനയിലൂടെ ലഭിക്കുന്ന വരുമാനം ഇൻസ്റ്റിറ്റ്യൂട്ടിന്റെ തനത് വരുമാനം ആണെന്നിരിക്കെ ആയത് കൃത്യമായും സൂക്ഷ്മമായും സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതും ഇൻസ്റ്റിറ്റ്യൂട്ട് അധികൃതരുടെ പ്രധാന ഉത്തരവാദിത്തമാണ്. എന്നാൽ ഈ ഉത്തരവാദിത്തം നിറവേറ്റുന്നില്ല എന്നുമാത്രമല്ല വളരെ അലക്ഷ്യമായ ഒരു സമീപനമാണ് ഇക്കാര്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർ സ്വീകരിച്ചുവരുന്നത്. ഈ ദുഃസ്ഥിതി മാറ്റേണ്ടതാണെന്ന് സമിതി ആവശ്യപ്പെടുന്നു. ആയതിനാൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നതും വില്പന നടത്തുന്നതുമായ പുസ്തകങ്ങൾ, വില്പനയിലൂടെ ലഭിക്കുന്ന വരുമാനം എന്നിവ സംബന്ധിച്ച കണക്കുകൾ കൃത്യമായി സൂക്ഷിക്കണമെന്നും ആയത് ഓഡിറ്റിന് കൃത്യമായി ഹാജരാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ 92,460 രൂപയുടെ പുസ്തകങ്ങളുടെ കണക്കും ഓഡിറ്റ് ചൂണ്ടിക്കാണിച്ചിരിക്കുന്ന 3.16 ലക്ഷം രൂപയുടെ കണക്കും അടിയന്തരമായി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തി റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.13.2 ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നതും വില്പന നടത്തുന്നതുമായ പുസ്തകങ്ങൾ, വില്പനയിലൂടെ ലഭിക്കുന്ന വരുമാനം എന്നിവ സംബന്ധിച്ച കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. 92,460 രൂപയുടെ പുസ്തകങ്ങളുടെ കണക്കും ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന 3.16 ലക്ഷം രൂപയുടെ കണക്കും 13-11-2008-ലെ 363/A/05/CL നമ്പർ കത്ത് മുഖാന്തരം DLFA-യെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് പരിശോധനയിൽ കണ്ടെത്തിയ കുറവ് വന്ന പുസ്തകങ്ങളുടെ വിലയായ 92,460 രൂപയിൽ 50% കമ്മീഷൻ അനുവദിച്ച് 46,230 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇൻസ്റ്റിറ്റ്യൂട്ടിൽ അടച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

2.13.3 സമിതി നിർദ്ദേശം പാലിച്ചതിന്റെ വ്യക്തമായ കണക്ക് രേഖകൾ സഹിതം ലഭ്യമാക്കാൻ സ്ഥാപനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പരാമർശിച്ചിരിക്കുന്ന കത്ത് മറുപടിയോടൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ല. ആയത് ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

**സമിതി ആരാഞ്ഞ അധികവിവരം**

2.13.4 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട മറുപടിയിൽ പരാമർശിച്ചിരിക്കുന്ന കത്തിന്റെ പകർപ്പ് ലഭ്യമാക്കുക.

**അധിക വിവരത്തിന്മേൽ ലഭിച്ച മറുപടി**

2.13.5 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട മറുപടിയിൽ പരാമർശിച്ചിരിക്കുന്ന 13-11-2008-ലെ 363/A/05/CL നമ്പർ കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

2.13.6 (ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നാണ് നടപടി വിശദീകരണ പത്രികയിൽ പറയുന്നതെങ്കിലും യഥാർത്ഥത്തിൽ ഖണ്ഡിക ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ടതാണ്). ഇൻസ്റ്റിറ്റ്യൂട്ടിലെ പരിശോധനയിൽ കണ്ടെത്തിയ കുറവ് വന്ന പുസ്തകങ്ങളുടെ വിലയായ 92,460 രൂപയിൽ 50% കമ്മീഷൻ അനുവദിച്ച് 46,230 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഇൻസ്റ്റിറ്റ്യൂട്ടിൽ അടച്ചിട്ടുണ്ടെന്നാണ് സമിതിക്ക് മറുപടി നൽകിയിരുന്നത്. എന്നാൽ 23,115 രൂപ ഒടുക്കിയതിന്റെ രസീതുകൾ മാത്രമേ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ. 3.16 ലക്ഷം രൂപയുടെ കണക്കുകൾ ശരിയാക്കിയതായി നടപടി വിശദീകരണ പത്രികയിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പറയുന്നുണ്ടെങ്കിലും ആയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് പാലിച്ചിട്ടില്ല. 1-4-2016 മുതൽ 30-6-2017 വരെയുള്ള സ്റ്റോക്ക് രജിസ്റ്റർ/വിൽപ്പന രജിസ്റ്റർ കൃത്യമായി തയ്യാറാക്കിയിട്ടില്ല. 1-7-2017 മുതൽ 31-3-2018 വരെയുള്ള സ്റ്റോക്ക് രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഫിനാൻസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**അധിക വിവരത്തിന്മേൽ ആരാഞ്ഞ അധിക വിവരം**

2.13.7 ഓഡിറ്റ് ചൂണ്ടിക്കാണിച്ചിരിക്കുന്ന 3.16 ലക്ഷം രൂപയുടെ കണക്കുകൾ ഫിനാൻസ് ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി അടിയന്തരമായി റിപ്പോർട്ട് നൽകുക.

<u>സർക്കാർ മറുപടി</u>

2.13.8 3.16 ലക്ഷം രൂപയുടെ നഷ്ടം വന്നതിനെക്കുറിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ രജിസ്റ്ററുകളും രേഖകളും വിശദമായി പരിശോധിച്ചതിൽ നിന്നും 92,460 രൂപ മുഖവിലയുള്ള പുസ്തകങ്ങളുടെ കുറവ് മാത്രമേ വന്നിട്ടുള്ളൂ എന്നും എന്നാൽ ഡിസ്കൗണ്ട് അനുവദിച്ച് പുസ്തകവില്പന നടത്തിയത് കണക്കാക്കിയാൽ 46,230 രൂപയുടെ നഷ്ടം മാത്രമേ ഇൻസ്റ്റിറ്റ്യൂട്ടിന് ഉണ്ടായിട്ടുള്ളൂ എന്ന് കണ്ടെത്തിയിട്ടുണ്ട്. ടി തുക ഈ കാലഘട്ടത്തിൽ സെയിൽസിൽ ചുമതല ഉണ്ടായിരുന്ന ജീവനക്കാരിൽ നിന്നും തിരിച്ച് പിടിക്കുകയും ഇതിന് 22-9-2010-ന് കൂടിയ ഭരണ സമിതി അംഗീകാരം നൽകുകയും ചെയ്തു. ഇത് സംബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും 13-11-2008-ലെ 363/05/CL നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ മറുപടിയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

2.13.9 KSICL ഡയറക്ടറുടെ 6-12-2007-ലെ 469/A/07/CL നമ്പർ കത്തിൽ 3.16 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടില്ലെന്നും 92,460 രൂപ മുഖവിലയുള്ള പുസ്തകങ്ങളുടെ കുറവ് മാത്രമേ ഉണ്ടായിട്ടുള്ളൂ എന്നും ഡിസ്കൗണ്ട് അനുവദിച്ച പുസ്തക വിൽപ്പന നടത്തിയത് കണക്കാക്കിയാൽ 46,230 രൂപയുടെ നഷ്ടം മാത്രമേ സംഭവിച്ചിട്ടുള്ളൂ എന്ന് കണ്ടെത്തിയതായും അറിയിച്ചിരിക്കുന്നു. ടി തുകകൾ 6-6-2009, 17-5-2010 എന്നീ തീയതികളിലായി നഷ്ടോത്തരവാദികളിൽ നിന്നും ഈടാക്കിയിട്ടുണ്ട്. 3.16 ലക്ഷം രൂപയുടെ കണക്കുകൾ ഫിനാൻസ് ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണമെന്ന സമിതി നിർദ്ദേശം പാലിച്ചിട്ടില്ല. കാലപ്പഴക്കം മൂലം അനുബന്ധ രേഖകൾ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നാണ് ഇതിന് കാരണമായി പറയുന്നത്. നഷ്ടം 3.16 ലക്ഷം രൂപയിൽ നിന്നും 92,460 രൂപയായി ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സ്വയം പുനർനിർണയിക്കുകയാണ് ചെയ്തിരിക്കുന്നത്. ആയതിന് അവലംബിച്ച രേഖകളുടെ പകർപ്പുകൾ ഹാജരാക്കാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും അത്തരം രേഖകൾ കാലപ്പഴക്കം ചെന്നതാകയാൽ കണ്ടെത്താൻ കഴിഞ്ഞില്ലെന്ന് KSICL ഡയറക്ടർ മറുപടി നൽകിയിട്ടുണ്ട്. രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കാൻ സാധിക്കാത്തതിനാൽ നഷ്ടം പുനർനിർണയിച്ചതിന്റെ ആധികാരികത വ്യക്തമല്ല.

<u>തുടർ ശിപാർശ</u>

**2.13.10 3.16 ലക്ഷം രൂപയുടെ കണക്കുകൾ ഫിനാൻസ് ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി അടിയന്തരമായി റിപ്പോർട്ട് ഹാജരാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നതോടൊപ്പം സാംസ്കാരിക സ്ഥാപനങ്ങളുടെ ഓഡിറ്റിന്റെ കാര്യത്തിൽ ഗവൺമെന്റ് ഗൗരവമായ നിലപാട് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക 156

ശിപാർശ

2.14.1 പൊതുഖജനാവിൽ നിന്നും പണം ചെലവഴിച്ച് 2003-ൽ വാങ്ങിയ ലാപ്ടോപ്പ് 2007 വരെ ഒരു ഉദ്യോഗസ്ഥൻ കൈവശം സൂക്ഷിക്കുകയും ഓഡിറ്റിൽ തടസ്സം ഉന്നയിച്ച അവസരത്തിൽ പോലും മടക്കി നൽകാതിരിക്കുകയും നിരവധി ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടും പ്രതികരിക്കാതിരിക്കുകയും ചെയ്തത് ഉചിതമായ നടപടിയല്ലെന്നും ടി പ്രവൃത്തി ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും സംഭവിച്ച അക്ഷന്തവ്യമായ വീഴ്ചയാണെന്നും സമിതി വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.14.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014) യുടെ 15-ാമത് റിപ്പോർട്ടിലെ ഈ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശയുടെ അടിസ്ഥാനത്തിൽ, സർക്കാർ ഫണ്ട് ഉപയോഗിച്ച് ഉദ്യോഗസ്ഥർക്ക് നിശ്ചിത ആവശ്യങ്ങൾക്കായി വാങ്ങി നൽകുന്ന ഉപകരണങ്ങൾ പ്രസ്തുത ആവശ്യം കഴിഞ്ഞാലുടൻതന്നെ തിരികെ നൽകേണ്ടതും പ്രസ്തുത ഉപകരണം തിരികെ ലഭ്യമായെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതു മാണെന്നും കൂടാതെ ഇത്തരത്തിൽ വീഴ്ചകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കാനും, ഇല്ലാത്തപക്ഷം ടി ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും കായിക യുവജനകാര്യ ഡയറക്ടർക്കും, കേരള സംസ്ഥാന യുവജനക്ഷേമബോർഡ് മെമ്പർ സെക്രട്ടറിയ്ക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

2.14.3 പൊതു ഖജനാവിൽ നിന്നുള്ള പണം ചെലവഴിച്ച് വാങ്ങുന്ന ഉപകരണങ്ങളുടെ കൈപ്പറ്റ്, തിരിച്ചുവരവ് എന്നിവ നിരീക്ഷിക്കുന്നതിന് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതിന് നിർദ്ദേശം നൽകാവുന്നതാണ്.

ഉടർ ശിപാർശ

**2.14.4 പൊതു ഖജനാവിൽ നിന്നുള്ള പണം ചെലവഴിച്ച് വാങ്ങുന്നതും ഉദ്യോഗസ്ഥർ കൈവശം സൂക്ഷിക്കുന്നതുമായ ഉപകരണങ്ങളുടെ കൈപ്പറ്റ് രസീത്, തിരിച്ചുവരവ് എന്നിവ നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## അദ്ധ്യായം III

**സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ ഇടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും.**

### ഖണ്ഡിക 14

#### ശിപാർശ

3.1.1 ഓഡിറ്റ് പരാമർശ വിഷയത്തിന്മേൽ സാധൂകരണം ലഭിച്ചിട്ടുണ്ടെന്ന സാംസ്കാരിക വകുപ്പിന്റെ മറുപടി പരിഗണിച്ച് പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.1.2 സമിതി നിർദ്ദേശപ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയതായി SIL & SIEP ഡെപ്യൂട്ടി ഡയറക്ടറുടെ 19-5-2014-ലെ എൽ.എഫ്.സി-ൽ 157/എ 5/14-ാം കത്ത് പ്രകാരം ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിച്ചിട്ടുണ്ട്.

#### ശിപാർശ

### ഖണ്ഡിക 30

3.2.1 സാംസ്കാരികകാര്യ വകുപ്പിന്റെ മറുപടിയുടെ വെളിച്ചത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.2.2 സമിതി നിർദ്ദേശപ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയതായി SIL & SIEP ഡെപ്യൂട്ടി ഡയറക്ടറുടെ 19-5-2014-ലെ എൽ.എഫ്.സി-ൽ 157/എ 5/14-ാം കത്ത് പ്രകാരം ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിച്ചിട്ടുണ്ട്.

### ഖണ്ഡിക 51

#### ശിപാർശ

3.3.1 സർക്കാർ വിവിധ ആവശ്യങ്ങൾക്കായി നൽകുന്ന ഗ്രാന്റുകൾ നിർദ്ദിഷ്ട കാര്യത്തിന് വിനിയോഗിക്കാതെ വകമാറ്റി ചെലവാക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത് പ്രഖ്യാപിത ലക്ഷ്യം നേടുന്നതിന് വിഘാതമാകയാൽ ഇത്തരം പ്രവണത ആവർത്തിക്കരുതെന്നും ഏതു ലക്ഷ്യത്തിനാണോ ഗ്രാന്റുകൾ നൽകുന്നത് ആയതിനുതന്നെ വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.3.2 ഇപ്പോൾ ഇത്തരത്തിൽ തുക വകമാറ്റി ചെലവഴിക്കുന്നില്ലായെന്നും എന്ത് ആവശ്യത്തിനാണോ ഫണ്ട് അനുവദിക്കുന്നത് അതിന് വേണ്ടി മാത്രമാണ് തുക വിനിയോഗിക്കുന്നതെന്നും അറിയിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.3.3 ഏതു ലക്ഷ്യത്തിനാണോ ഗ്രാന്റുകൾ നൽകുന്നത് ആയതിന് തന്നെ തുക വിനിയോഗിക്കുന്നതെന്ന് മറുപടി നൽകിയിരിക്കുന്നതിനാൽ ഖണ്ഡിക ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക 52

ശിപാർശ

3.4.1 പരസ്യക്ലളിയിനത്തിൽ രണ്ടുപ്രാവശ്യം പണം നൽകിയതുവഴി 2500 രൂപ നഷ്ടമായതു സംബന്ധിച്ചും M/s മോഡി സിറോക്സ് ലിമിറ്റഡിന് സർവ്വീസ് ചാർജിനത്തിൽ നൽകിയ 1,365 രൂപ റ്റി.പി.എ. 230-ാം നമ്പർ അക്കൗണ്ടിൽ രണ്ടുപ്രാവശ്യം ഡെബിറ്റ് ചെയ്തത് സംബന്ധിച്ചുമുള്ള രേഖകൾ/വൗച്ചറുകൾ ഓഡിറ്റ് വകുപ്പ് മുമ്പാകെ ഹാജരാക്കുന്നതിനോടൊപ്പം അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.4.2 2500 രൂപയുടെ ആദ്യത്തെ രണ്ടു ചെക്കുകൾ (961933, 961943) മാറിയിട്ടില്ലെന്ന് 4-7-2013-ലെ എസ്.ബി.1/443/03 നമ്പർ കത്തിൽ ജില്ലാ ട്രഷറി ഓഫീസർ അറിയിച്ചിട്ടുണ്ട്. മെസേഴ്സ് മോഡി സിറോക്സ് ലിമിറ്റഡിന് സർവ്വീസ് ചാർജ്ജിനത്തിൽ 12-10-2000-ന് നൽകിയ 1,365 രൂപയുടെ 961929 ചെക്ക് 3-11-2000-ൽ പണമാക്കി. ഇതേ ചെക്ക് 7-8-2001-ൽ പണമാക്കിയതായി സ്ക്രോളിൽ തെറ്റായി രേഖപ്പെടുത്തിയതാണ്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.4.3 ഇൻസ്റ്റിറ്റ്യൂട്ടിന്റെ റ്റി.പി.എ.230-ാം നമ്പർ അക്കൗണ്ടിൽ നിന്നും 961929-ാം നമ്പർ ചെക്ക് 6-8-2001-ൽ സ്വീകന്‍സ് നമ്പർ 123 പ്രകാരം പാസ്സായതായും ഒരേ ചെക്ക് രണ്ട് തവണ മാറ്റിയിട്ടില്ലായെന്നും തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസർ 20-8-2014-ലെ എസ്.ബി.7275/13-14 നമ്പർ കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത കത്തും, ട്രഷറി സ്ക്രോളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മോഡി

സിറോക്ലിസിന് നൽകിയ 1,365 രൂപയുടെ 961929 നമ്പർ ചെക്ക് രണ്ട് പ്രാവശ്യം ഡെബിറ്റ് ചെയ്തിട്ടില്ലായെന്ന് ബോധ്യപ്പെട്ടു. 2500 രൂപയുടെ രണ്ട് ചെക്കുകൾ (961933 & 961943) മാറിയിട്ടില്ലായെന്ന് 4-7-2013-ലെ എസ്.ബി.1/443/03 നമ്പർ കത്തിൽ ജില്ലാ ട്രഷറി ഓഫീസർ അറിയിച്ചിട്ടുണ്ട് എന്ന് അറിയിക്കുന്നു. ഖണ്ഡിക ഒഴിവാക്കാവുന്നതാണ്.

<u>ഖണ്ഡിക 53</u>

<u>ശിപാർശ</u>

3.5.1 കേരള സ്റ്റേറ്റ് എൻസൈക്ലോപീഡിയ എസ്റ്റാബ്ലിഷ്മെന്റ് റൂൾ 11 (2) പ്രകാരം ഭരണ സമിതി ഓരോ സാമ്പത്തിക വർഷവും ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തന പരിപാടികൾ വിലയിരുത്തി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. കൂടാതെ, എസ്റ്റാബ്ലിഷ്മെന്റ് റൂൾ 11 (3)പ്രകാരം വാർഷിക ബഡ്ജറ്റ് റൂൾ 11 (3)പ്രകാരം വാർഷിക ബഡ്ജറ്റ് എസ്റ്റിമേറ്റ് അംഗീകരിച്ച് സർക്കാരിലേയ്ക്ക് അയയ്ക്കേണ്ട ചുമതലയും ഭരണ സമിതിയിൽ നിക്ഷിപ്തമാണ്. എന്നാൽ പരാമർശ വിധേയമായ വർഷങ്ങളിൽ ഇക്കാര്യത്തിൽ ഭരണ സമിതിക്ക് വീഴ്ച സംഭവിച്ചതായി സമിതി വിലയിരുത്തുന്നു. ഇത്തരം വീഴ്ചകൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യക്ഷമതയില്ലായ്മയെ ആണ് സൂചിപ്പിക്കുന്നതെന്നും ഭാവിയിൽ ഇതുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

<u>**സർക്കാർ സ്വീകരിച്ച നടപടി**</u>

3.5.2 സമിതിയുടെ അഭിപ്രായം സ്വീകരിച്ചുകൊണ്ട് ഇക്കാര്യങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണസമിതി യോഗത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.5.3 സമിതിയുടെ അഭിപ്രായം സ്വീകരിച്ച് ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ടെന്ന് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. പരാമർശം ഒഴിവാക്കാവുന്നതാണ്.

<u>ഖണ്ഡിക 54</u>

<u>ശിപാർശ</u>

3.6.1 ഭരണസമിതി അദ്ധ്യക്ഷനായ മുഖ്യമന്ത്രിയുടെ അസൗകര്യത്താൽ ഭരണസമിതി യോഗം കൃത്യമായി കൂടാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ അനുമതിയോടെ ഉപാദ്ധ്യക്ഷന്റെയോ മറ്റ് ഉത്തരവാദപ്പെട്ട ഉന്നതാധികാരികളുടെയോ അദ്ധ്യക്ഷതയിൽ യഥാസമയം യോഗം ചേരുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കണമെന്നും പ്രസ്തുത യോഗത്തിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾക്ക് പിന്നീട് അദ്ധ്യക്ഷന്റെ സാധൂകരണം നേടേണ്ടതുമാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.6.2 സമിതി ശിപാർശ അംഗീകരിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഭരണസമിതി യോഗം സമിതി നിർദ്ദേശപ്രകാരം ചേരുന്നതിന്റെ നടപടികൾ ഇപ്പോൾ നടപ്പിലാക്കി വരുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.6.3 സമിതിയുടെ അഭിപ്രായം സ്വീകരിച്ച് ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ടെന്ന് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. പരാമർശം ഒഴിവാക്കാവുന്നതാണ്.

<u>ഖണ്ഡിക 72</u>

<u>ശിപാർശ</u>

3.7.1 സാധനങ്ങളുടെ കയറ്റുകൂലിയായ 17,885 രൂപയുടെ ഇനംതിരിച്ചുള്ള വിവരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇറക്കുകൂലിയായ 19,260 രൂപയുടെ ഇനംതിരിച്ചുള്ള വിവരങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് നാളിതുവരെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഇറക്കുകൂലി സംബന്ധിച്ച വിശദവിവരങ്ങൾ അടിയന്തരമായി ഓഡിറ്റിന് ഹാജരാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. ലഭ്യമാക്കിയിട്ടുള്ള വൗച്ചറുകളും മറ്റ് അനുബന്ധ രേഖകളും വിശദമായി പരിശോധിച്ച് സ്ഥാപനത്തിന് ധനനഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ ആയതിന് ഉത്തരവാദികളാരെന്ന് കണ്ടെത്തി പ്രസ്തുത ബാദ്ധ്യത ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.7.2 ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും 19,260 രൂപയുടെ ഇനംതിരിച്ചുള്ള ചെലവ് വിവരങ്ങൾ ലഭ്യമല്ല. (ഫയൽ നമ്പർ 151/ഇ 1/02/എസ്.ഐ.ഇ. പി.). ഈ ചെലവ് യഥാർത്ഥത്തിൽ നടത്തിയതാണെന്നും ഇൻസ്റ്റിറ്റ്യൂട്ടിന് നഷ്ടം സംഭവിച്ചിട്ടില്ലായെന്നും കാണുന്നു. അതിനാൽ പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.7.3 ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഖണ്ഡിക നിലനിൽക്കുന്നു.

**സമിതി ആരാഞ്ഞ അധികവിവരങ്ങൾ**

3.7.4 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയൽ അടിയന്തരമായി ഹാജരാക്കുവാൻ സമിതി ആവശ്യപ്പെട്ടു.

**അധിക വിവരത്തിനുള്ള മറുപടി**

3.7.5 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫയൽ നമ്പർ 151/ഇ 1/02/എസ്.ഐ.ഇ.പി. ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**അധികവിവരത്തിന്മേലുള്ള സൂക്ഷ്മ പരിശോധന കുറിപ്പ്**

3.7.6 151/ഇ 1/02/എസ്.ഐ.ഇ.പി. നമ്പർ ഫയൽ പരിശോധിച്ചതിൽ കയറ്റിറക്ക് കൂലിയുമായി ബന്ധപ്പെട്ട് യഥാക്രമം 19,260/-, 17,885/- രൂപ വീതം നൽകിയതായി കാണുന്നു. ഇതേ ചെലവ് ക്യാഷ് ബുക്കിലും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇറക്ക് കൂലിയുടെ ഇനംതിരിച്ചുള്ള ചെലവ് വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ചെലവിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

<u>ഖണ്ഡിക 75</u>

<u>ശിപാർശ</u>

3.8.1 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനാവേളയിൽ ഉന്നയിക്കപ്പെടുന്ന സംശയങ്ങൾക്ക് രേഖകൾ സഹിതം കൃത്യമായ മറുപടി നൽകിയാൽ ഒഴിവാക്കാവുന്നതാണ് മിക്ക പരാമർശങ്ങളുമെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നാൽ, ബന്ധപ്പെട്ട വകുപ്പുകൾ ഇക്കാര്യത്തിൽ ഗുരുതരമായ അലംഭാവമാണ് കാട്ടുന്നത്. ആയതിനാൽ, ഓഡിറ്റ് വേളയിൽ മതിയായ രേഖകൾ യഥാസമയം ഹാജരാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി നിഷ്കർഷിക്കുന്നു. ഇവിടെ പരാമർശവിധേയമായ വിഷയത്തിലും ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ആവശ്യമായ രേഖകളും മറ്റ് വിശദാംശങ്ങളും ഇൻസ്റ്റിറ്റ്യൂട്ട് യഥാസമയം ഓഡിറ്റിന് ഹാജരാക്കാത്തതായി സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിലുള്ള സമിതിയുടെ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം മെസ്സ്വസ്തിക കൊമേഴ്സ്യൽ കോർപ്പറേഷനുമായുള്ള കരാറിന്റെ പകർപ്പ് ഓഡിറ്റ് വകുപ്പ് മുമ്പാകെ ഹാജരാക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറോട് ആവശ്യപ്പെടുന്നു. പ്രസ്തുത കരാർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതി നിർദ്ദേശിക്കുകയും ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.8.2 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധനാ വേളയിൽ ഉന്നയിക്കുന്ന സംശയങ്ങൾക്ക് കൃത്യമായി മറുപടി നൽകിവരുന്നു. കരാറിന്റെ പകർപ്പ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് സമിതി നിർദ്ദേശപ്രകാരം പരിശോധനയ്ക്കായി നൽകിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.8.3 മെ. സ്വസ്തിക കൊമേഴ്സ്യൽ കോർപ്പറേഷനുമായുള്ള കരാറിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. 80 റീം പേപ്പറിന്റെ ഉപയുക്തത വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കാമെന്ന് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമായിട്ടില്ല.

**സമിതി ആരാഞ്ഞ അധിക വിവരം**

3.8.4 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുക.

**അധിക വിവരത്തിനുള്ള മറുപടി**

3.8.5 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.8.6 M/s സ്വസ്തിക കൊമേഴ്സ്യൽ കോർപ്പറേഷനിൽ നിന്നും പ്രിന്റിംഗ് പേപ്പർ വാങ്ങിയതുമായി ബന്ധപ്പെട്ട് ഫയൽ (1790/ഇ.2/01/എസ്.ഐ.ഇ.പി.) പരിശോധിച്ചതിൽ M/s സ്വസ്തിക കൊമേഴ്സ്യൽ കോർപ്പറേഷൻ സമർപ്പിച്ച ടെണ്ടറിൽ പേപ്പർ ലോഡിൽ 5% കൂടുതലോ കുറവോ ഉണ്ടാകുമെന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണുന്നു.

3.8.7 ലഭ്യമാക്കിയ പേപ്പർ അക്കൗണ്ട് സ്റ്റേറ്റ്മെന്റിന്റെ പകർപ്പുകൾ പ്രകാരം വിശ്വസാഹിത്യ വിജ്ഞാനകോശം വാല്യം-3, സർവ്വവിജ്ഞാനകോശം വാല്യം-12 എന്നിവയുടെ അച്ചടിയ്ക്കായി യഥാക്രമം 484 റീം 200 ഷീറ്റും, 1018 റീം 200 ഷീറ്റും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഈ ആവശ്യത്തിനായി ഇൻസ്റ്റിറ്റ്യൂട്ട് ലഭ്യമാക്കിയ 1780 റീം പ്രിന്റിംഗ് പേപ്പറിൽ ശേഷിക്കുന്ന 277 റീം 100 ഷീറ്റ് പേപ്പർ മറ്റ് വാല്യങ്ങളുടെ പ്രിന്റിംഗിനായി വിനിയോഗിച്ചിട്ടുള്ളതായി സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ കാണാൻ കഴിഞ്ഞു.

<u>ഖണ്ഡിക 81</u>

<u>ശിപാർശ</u>

3.9.1 സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറിയുടെ മറുപടിയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.9.2 സമിതി നിർദ്ദേശപ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയതായി SIL & SIEP ഡെപ്യൂട്ടി ഡയറക്ടറുടെ 19-5-2014-ലെ എൽ.എഫ്.സി.-ൽ 157/എ.5/14-ാം കത്ത് പ്രകാരം ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിച്ചിട്ടുണ്ട്.

## ശിപാർശ

## ഖണ്ഡിക 86

3.10.1 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.10.2 സമിതി നിർദ്ദേശപ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയതായി SIL & SIEP ഡെപ്യൂട്ടി ഡയറക്ടറുടെ 19-5-2014-ലെ എൽ.എഫ്.സി.-ൽ 157/എ.5/14-ാം കത്ത് പ്രകാരം ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിച്ചിട്ടുണ്ട്.

## ഖണ്ഡിക 91

## ശിപാർശ

3.11.1 എഡിറ്റോറിയൽ വിഭാഗം ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിന് സർക്കാർ സാധൂകരണം ലഭിക്കുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.11.2 കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിലെ എഡിറ്റോറിയൽ വിഭാഗം ജീവനക്കാർക്ക് 1-1-1999-ന് ശേഷം പ്രമോഷൻ നൽകിക്കൊണ്ട് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പുറപ്പെടുവിച്ച എല്ലാ ഉത്തരവുകളും റദ്ദ് ചെയ്തുകൊണ്ടും 5-1-2010-ലെ സ. ഉ. (കൈ) നമ്പർ 1/2010/സി.എ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1-1-1999-ലെ അടിസ്ഥാനത്തിൽ മെറിറ്റും, സീനിയോറിറ്റിയും മെർജ് ചെയ്ത് ചട്ടപ്രകാരവും കുറ്റമറ്റതുമായ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പ്രമോഷനുകൾ നൽകിക്കൊണ്ട് 25-3-2010-ലെ 165/എ 2/ 2008/എസ്.ഐ.ഇ.പി. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.11.3 സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള സർക്കാർ സാധൂകരണം ലഭ്യമാക്കണമെന്ന് ഇൻസ്റ്റിറ്റ്യൂട്ടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഖണ്ഡിക നിലനിൽക്കുന്നു.

## ഖണ്ഡിക 96

## ശിപാർശ

3.12.1 സ്പെഷ്യൽ അലവൻസ് കൈപ്പറ്റിയവരിൽ നിന്നും പ്രസ്തുത തുക തിരികെ ഈടാക്കിയ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.12.2 സമിതി നിർദ്ദേശപ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയതായി SIL & SIEP ഡെപ്യൂട്ടി ഡയറക്ടറുടെ 19-5-2014-ലെ എൽ.എഫ്.സി.-ൽ 157/എ 5/14-ാം കത്ത് പ്രകാരം ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിച്ചിട്ടുണ്ട്.

ഖണ്ഡിക 100

ശിപാർശ

3.13.1 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പുനഃപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.13.2 സമിതി നിർദ്ദേശപ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയതായി SIL & SIEP ഡെപ്യൂട്ടി ഡയറക്ടറുടെ 19-5-2014-ലെ എൽ.എഫ്.സി.-ൽ 157/എ 5/14-ാം കത്ത് പ്രകാരം ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിച്ചിട്ടുണ്ട്.

ഖണ്ഡിക 115

ശിപാർശ

3.14.1 പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നതോടൊപ്പം ഭരണസമിതി അദ്ധ്യക്ഷനായ മുഖ്യമന്ത്രിയുടെ അസൗകര്യത്താൽ കൃത്യമായി ഭരണസമിതി യോഗം കൂടാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ യഥാസമയം ഭരണസമിതി യോഗങ്ങൾ കൂടുന്നതിന് മുഖ്യമന്ത്രിയുടെ അനുമതിയോടെ ഉപാദ്ധ്യക്ഷന്റെയോ മറ്റ് ഉത്തരവാദപ്പെട്ട ഉന്നതാധികാരികളുടെയോ അദ്ധ്യക്ഷതയിൽ യോഗം ചേരുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.14.2 ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസിഡന്റായുള്ള ഭരണസമിതി യോഗം കൂടുന്നതിന് പ്രായോഗികമായ കാലതാമസം നേരിടുന്നതുമൂലം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണപരമായ പല അടിയന്തര പ്രശ്നങ്ങളിലും തീരുമാനങ്ങൾ എടുക്കേണ്ടത് അത്യാവശ്യമായതിനാൽ ബഹു. സാംസ്കാരിക വകുപ്പ് മന്ത്രിയെ ചെയർമാനാക്കി രൂപീകരിച്ച സ്റ്റാന്റിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിൻപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റി യോഗം കാലാകാലങ്ങളിൽ കൂടുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും സമിതി നിർദ്ദേശിച്ചത് പോലെ യഥാസമയം തന്നെ ഭരണ സമിതിയോഗം കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.14.3 ഇൻസ്റ്റിറ്റ്യൂട്ട് നൽകിയ മറുപടി അംഗീകരിക്കുന്നു. ഖണ്ഡിക ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക 117

ശിപാർശ

3.15.1 എസ്.ഐ.ഇ.പി. ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.15.2 സമിതി നിർദ്ദേശപ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയതായി SIL & SIEP ഡെപ്യൂട്ടി ഡയറക്ടറുടെ 19-5-2014-ലെ എൽ.എഫ്.സി.-ൽ 157/എ 5/14-ാം കത്ത് പ്രകാരം ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിച്ചിട്ടുണ്ട്.

ഖണ്ഡിക 120

ശിപാർശ

3.16.1 സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ നൽകിയ മറുപടിയുടെ വെളിച്ചത്തിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ ഒന്നുകൂടി പരിശോധിച്ച് വ്യക്തമായ മറുപടി ഓഡിറ്റിന് നൽകണമെന്ന് സെക്രട്ടറിയോടും ടി രേഖകൾ പുനഃപരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുവാൻ ഓഡിറ്റ് വകുപ്പിനോടും സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ, ഇതു സംബന്ധിച്ച യാതൊരു റിപ്പോർട്ടും നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ, കൗശിക എന്റർപ്രൈസസ് 849 രൂപാ നിരക്കിൽ വിതരണം ചെയ്യാമെന്ന് ഏറ്റിരുന്ന മൂന്നാമത്തെ സാമ്പിൾ പേപ്പറാണോ 889 രൂപാ നിരക്കിൽ ഇൻസ്റ്റിറ്റ്യൂട്ടിന് വിതരണം ചെയ്തത് എന്നത് സംബന്ധിച്ച് വ്യക്തവും ആധികാരികവുമായ മറുപടി ഓഡിറ്റ് മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറോടും ടി രേഖകൾ പുനഃപരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഓഡിറ്റ് വകുപ്പിനോടും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.16.2 M/s. കൗശിക എന്റർപ്രൈസസിൽ നിന്നും ക്വട്ടേഷനോടൊപ്പം സമർപ്പിച്ചത് SPB Super Fine Paper 75 GSM/RA1 Size/61x86cm/19.7 Kg തന്നെയാണെന്ന് പ്രൊഡക്ഷൻ ഓഫീസർ റിപ്പോർട്ട് ചെയ്തതായി ഇൻസ്റ്റിറ്റ്യൂട്ട് അറിയിച്ച നാലാമത്തെ സ്പെസിഫിക്കേഷനിൽ പറയുന്ന പേപ്പർ തന്നെയാണ് സാഹിത്യ വിജ്ഞാനകോശം നാലാം വാല്യം പ്രിന്റ് ചെയ്യാൻ ഉപയോഗിച്ചിട്ടുള്ളതെന്നും അന്നത്തെ

പ്രൊഡക്ഷൻ ഓഫീസർ-ഇൻ-ചാർജ്ജ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രൊഡക്ഷൻ ഓഫീസർ ഇൻചാർജ്ജിന്റെയും ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെയും വ്യക്തമായ വിശദീകരണങ്ങൾ ആധികാരിക രേഖയായി സ്വീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.16.3 മെ.കൗശിക എന്റർപ്രൈസിൽ നിന്നും ക്വട്ടേഷനോടൊപ്പം സമർപ്പിച്ചത് എസ്.വി.ബി. സൂപ്പർ ഫൈൻ പേപ്പർ 75 ജി.എസ്.എം./ആർ.എ I വലിപ്പം 61x86 സെ.മീ/19.7 കി.ഗ്രാം തന്നെയാണ് എന്ന് പ്രൊഡക്ഷൻ ഓഫീസർ റിപ്പോർട്ട് ചെയ്തതായി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. നാലാമത്തെ സ്പെസിഫിക്കേഷനിൽ പറയുന്ന പേപ്പർ തന്നെയാണ് (കറന്റ് ഫയൽ പേജ് നമ്പർ 161) സാഹിത്യ വിജ്ഞാനകോശം നാലാം വാല്യം പ്രിന്റ് ചെയ്യാൻ ഉപയോഗിച്ചിട്ടുള്ളതെന്നും അന്നത്തെ പ്രൊഡക്ഷൻ ഓഫീസർ-ഇൻ-ചാർജ്ജ് രേഖപ്പെടുത്തിയിട്ടുമുണ്ട്. പ്രൊഡക്ഷൻ ഓഫീസർ-ഇൻ-ചാർജ്ജിന്റെയും ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെയും വ്യക്തമായ വിശദീകരണങ്ങൾ ആധികാരിക രേഖയായി സ്വീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

<u>ഖണ്ഡിക 122</u>

<u>ശിപാർശ</u>

3.17.1 സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പും അപ്രകാരം ഉത്തരവ് വരുന്നതിന് മുമ്പ് നൽകിയ തുകയ്ക്ക് സർക്കാരിന്റെ സാധൂകരണം ലഭിച്ചിട്ടുള്ളതിന്റെ രേഖകളും ഓഡിറ്റ് വകുപ്പ് മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ആയത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.17.2 ഇൻസ്റ്റിറ്റ്യൂട്ട് സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ 30-3-2007-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 43/2007/സി.എ.ഡി. പ്രകാരം ഡോ. എം.ആർ. തമ്പാനെ ഡയറക്ടറായി നിയമിച്ച നടപടി സാധൂകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. 18-12-2007-ലെ സർക്കാർ ഉത്തരവ് (സാധാ) 614/2007/സി.എ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഡോ. എം.ആർ. തമ്പാൻ, ആനുകൂല്യങ്ങൾ എഴുതി എടുത്തതിന് സർക്കാർ സാധൂകരണം നൽകിയിട്ടുണ്ട്. ആയതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.17.3 ഇൻസ്റ്റിറ്റ്യൂട്ട് സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൻപ്രകാരം 30-3-2007-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 47/2007/സി.എ.ഡി. പ്രകാരം ഡയറക്ടറായി ഡോ. എം. ആർ. തമ്പാനെ നിയമിച്ച നടപടി സാധൂകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. 18-12-2007-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 614/2007/സി.എ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഡോ. എം.ആർ. തമ്പാൻ ആനുകൂല്യങ്ങൾ എഴുതി എടുത്തത് സാധൂകരിച്ച് കൊണ്ട് ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

<u>ഖണ്ഡിക 126</u>

<u>ശിപാർശ</u>

3.18.1 പ്രസിദ്ധീകരണങ്ങളുമായി ബന്ധപ്പെട്ട് ആദ്യകാലങ്ങളിൽ സംഭവിച്ച നഷ്ടം ആവർത്തിക്കാതെ പ്രസിദ്ധീകരണങ്ങൾ കൂടുതൽ ലാഭകരമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.18.2 ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണങ്ങൾ കൂടുതൽ ലാഭകരമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.18.3 പ്രസിദ്ധീകരണങ്ങൾ ലാഭകരമാക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടി എന്താണെന്നു വ്യക്തമാക്കിയിട്ടില്ല. ആയത് വ്യക്തമാക്കുന്നതിന് സ്ഥാപനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സമിതി ആരാഞ്ഞ അധിക വിവരം**

3.18.4 പ്രസിദ്ധീകരണങ്ങൾ ലാഭകരമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിച്ചു

**അധിക വിവരത്തിനുള്ള മറുപടി**

3.18.5 വിജ്ഞാനകോശം വാല്യങ്ങൾ ഹൈസ്കൂളുകളിലും യു.പി. സ്കൂളുകളിലും 25% ഡിസ്കൗണ്ടിനത്തിൽ അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം വിതരണം ചെയ്തു വരുന്നു. പുസ്തകപ്രദർശനവേളകളിൽ വാല്യങ്ങളുടെ വില ഒന്നിച്ച് അടയ്ക്കുന്നവർക്ക് 35% ഡിസ്കൗണ്ടിൽ പുസ്തകങ്ങൾ നൽകുന്നു. കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് വഴി വില്പന നടത്തുന്നതിന്

40% ഡിസ്കൗണ്ടും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വഴി വില്പന നടത്തുന്നതിന് 'സാംസ്കാരികം' എന്ന ഗ്രന്ഥത്തിന് 50% ഡിസ്കൗണ്ടും നൽകുന്നുണ്ട്. ഇതിനു പുറമേ എല്ലാ വാല്യങ്ങളുടെയും തുക ഒന്നിച്ച് അടച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് 30% ഡിസ്കൗണ്ടും സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർക്ക് ക്രെഡിറ്റ് പദ്ധതി പ്രകാരം പുസ്തകങ്ങൾ വാങ്ങുന്നതിന് 25% ഡിസ്കൗണ്ടും നിലവിൽ നൽകി വരുന്നുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.18.6 ആകർഷകമായ ഡിസ്കൗണ്ട് നിരക്കിൽ പുസ്തക വിൽപ്പന നടക്കുന്നതുമൂലം നിലവിൽ വിൽപ്പനയിൽ ഗണ്യമായ പുരോഗതിയുണ്ട്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ശില്പശാലകൾ സംഘടിപ്പിച്ച് പ്രസിദ്ധീകരണങ്ങൾക്കാവശ്യമായ രചനകൾ ശേഖരിക്കുന്ന രീതി അവലംബിക്കുന്നതിനാൽ പ്രസിദ്ധീകരണ ചെലവ് ലഘൂകരിക്കുന്നുണ്ട്.

ഖണ്ഡിക 128

ശിപാർശ

3.19.1 എസ്.ഐ.സി.എൽ. ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.19.2 പരാമർശം ഒഴിവാക്കിയതായി സ്ഥാപനത്തെ അറിയിച്ചു.

ഖണ്ഡിക 131

ശിപാർശ

3.20.1 കുട്ടികളുടെ ഉന്നമനത്തിനും സാംസ്കാരിക പുരോഗതിക്കും അത്യാവശ്യമുള്ള പുസ്തകങ്ങൾ ലാഭേച്ഛ കണക്കിലെടുക്കാതെ പ്രസിദ്ധീകരിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യശുദ്ധി സമിതി മനസ്സിലാക്കുന്നു. എന്നിരുന്നാലും പുസ്തകങ്ങൾ വില്പന നടത്തുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ, ഭാവിയിൽ വിപണന സാധ്യതകൂടി വിശകലനം ചെയ്തശേഷം മാത്രം പുസ്തകങ്ങൾ അച്ചടിക്കുന്നതാകും ഉചിതം എന്ന് സമിതി അഭിപ്രായപ്പെടുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.20.2 പുസ്തകങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വില്പന വിഭാഗത്തിലൂടെയും ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, DC/Current books തുടങ്ങിയ സ്ഥാപനങ്ങൾ വഴിയുമാണ് പ്രധാനമായും വില്ക്കുന്നത്. Online പുസ്തക വില്പന നടത്തുന്നതിലേക്കായി പ്ലാൻ പ്രൊപ്പോസൽ

നൽകിയിട്ടുണ്ട്. പുസ്തക വില്പന ത്വരിതപ്പെടുത്തുന്നതിനായി സ്കൂളുകളിൽ പോയി കുട്ടികളിൽ നേരിട്ട് പുസ്തകം എത്തിക്കുന്നതിനും മറ്റും ഒരു പുസ്തകവണ്ടി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.20.3 ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാർഷിക ഓഡിറ്റ് വേളയിൽ ഓൺലൈൻ പുസ്തക വിൽപ്പന, പുസ്തക വണ്ടി സജ്ജമാക്കൽ എന്നിവ വിശകലനവിധേയമാക്കുന്നതാണ്. സമിതി നിർദ്ദേശം പാലിച്ചതിന്റെ വ്യക്തമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

<u>ഖണ്ഡിക 149</u>

<u>ശിപാർശ</u>

3.21.1 പരാമർശ വിധേയനായ സ്റ്റോർകീപ്പർ മരണപ്പെട്ടതിനാൽ ബാധ്യത ചുമത്തപ്പെട്ട അദ്ദേഹത്തിന്റെ വിധവ മുഖ്യമന്ത്രിയുടെ സുതാര്യ കേരളം പരിപാടിയിൽ പരാതി നൽകി ബാധ്യതയിൽ നിന്നും സർക്കാർ ഉത്തരവിൻ പ്രകാരം ഒഴിവായ സാഹചര്യത്തിൽ ഇതു സംബന്ധിച്ച തുടർ നടപടികൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.21.2 സമിതി നിർദ്ദേശപ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയതായി SIL & SIEP ഡെപ്യൂട്ടി ഡയറക്ടറുടെ 19-5-2014-ലെ എൽ.എഫ്.സി.-ൽ 157/എ 5/14-ാം കത്ത് പ്രകാരം ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിച്ചിട്ടുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

കെ. സുരേഷ്കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി.*

തിരുവനന്തപുരം,
2019 നവംബർ 21.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക | വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2.1.6 | [സാംസ്കാരിക കാര്യ വകുപ്പ്] കേരള സംസ്ഥാന സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് | കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രഖ്യാപിത ലക്ഷ്യ പ്രകാരം സർവ്വവിജ്ഞാനകോശത്തിന്റെ 20 വാല്യങ്ങളുടെയും വിശ്വസാഹിത്യ വിജ്ഞാനകോശത്തിന്റെ 1( വാല്യങ്ങളുടെയും പ്രസിദ്ധീകരണം ലക്ഷ്യമിട്ട് പ്രവർത്തനമാരംഭിച്ചുവെങ്കിലും നാളിതുവരെയായിട്ടും പ്രസ്തുത ലക്ഷ്യം കൈവരിക്കുവാൻ ഇൻസ്റ്റിറ്റ്യൂട്ടിന് സാധിച്ചിട്ടില്ലായെന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ ഭരണ വകുപ്പ് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു |
| 2 | 2.2.4 | ,, | അതിവിപുലമായൊരു കർത്തവ്യം ഏല്പിക്കപ്പെട്ട കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന് പ്രവർത്തനം തുടങ്ങി 50 വർഷം കഴിഞ്ഞിട്ടും സ്വന്തമായി ഒരു ആസ്ഥാന മന്ദിരമോ ലക്ഷ്യപ്രാപ്തിക്ക് പര്യാപ്തമാകും വിധം ജീവനക്കാരെയോ ലഭ്യമാക്കാത്തതിലും ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നതിലും സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനാൽ ഈ രണ്ട് വിഷയത്തിന്മേലും സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |

| 1 | 2 | 3 | 4 |
|---|---|---|---|
| 3 | 2.3.5 | ,, | സമിതി ശിപാർശപ്രകാരമുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ശിപാർശ ചെയ്യുന്നു |
| 4 | 2.4.4 | ,, | 1961-ൽ നിലവിൽ വന്ന സ്ഥാപനത്തിന്റെ സ്പെഷ്യൽ റൂൾസ് തയ്യാറാക്കി തുടർനടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ലായെന്ന കാര്യത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 5 | 2.5.7 | ,, | എഗ്രിമെന്റ് പ്രകാരമുള്ള പതിനായിരം സ്ക്വയർ ഫീറ്റ് സ്ഥലം ഏറ്റെടുത്ത് ഓഫീസ് പ്രവർത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ആയത് വാടകയില്ലാതെ സൗജന്യമായി അനുവദിക്കാൻ പറ്റുമോ എന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു |
| 6 | 2.6.4 | ,, | ട്രഷറി നിയന്ത്രണം നിലവിലില്ലാത്തപ്പോൾ റിവോൾവിംഗ് ഫണ്ടിൽ നിന്നും തുക പിൻവലിക്കുന്നത് ഒഴിവാക്കി പണമിടപാട് ട്രഷറി മുഖാന്തരം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു |
| 7 | 2.7.4 | ,, | ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ട പ്രകാരമുള്ള ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കി റിപ്പോർട്ട് ചെയ്യുന്നതിന് സമിതി ശിപാർശ ചെയ്യുന്നു |
| 8 | 2.8.4 | ,, | തവണ വ്യവസ്ഥയിൽ വാല്യങ്ങൾ നൽകിയ ഇനത്തിലുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റും ബന്ധപ്പെട്ട രേഖകളും ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കി റിപ്പോർട്ട് ചെയ്യുന്നതിന് സമിതി ശിപാർശ ചെയ്യുന്നു |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | 2.9.4 | ,, | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എൻ.എൽ.സി. നൽകിയ മേലധികാരികളുടെ ലിസ്റ്റ് സമിതിക്ക് ലഭ്യമാക്കുന്നതിനും ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ജീവനക്കാരോട് വിശദീകരണം ആവശ്യപ്പെടുന്നതിനും കടിശ്ശിക തുക തിരിച്ചടപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു |
| 10 | 2.10.4 | ,, | സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ തുക നോൺ-പ്ലാൻ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 11 | 2.11.4 | ,, | സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങൾ സൂക്ഷിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തണമെന്നും സഹകരണ വകുപ്പ് നൽകാമെന്ന് പറഞ്ഞിരിക്കുന്ന സ്ഥലം ഏറ്റെടുത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു |
| 12 | 2.11.5 | ,, | പി. ടി. തോമസ് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകൾ കൂടി പരിഗണിച്ച് സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന് ആവശ്യമായ മാറ്റങ്ങൾ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 2.12.4 | ,, | ഖണ്ഡികയിൽ പരാമർശ വിധേയമായതും ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയതുമായ നിയമനങ്ങൾക്ക് ഭരണസമിതിയുടെ സാധൂകരണം വാങ്ങി ഓഡിറ്റിന് ലഭ്യമാക്കണമെന്നും സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിന് സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 14 | 2.13.10 | [സാംസ്കാരിക കാര്യ വകുപ്പ്] ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | 3.16 ലക്ഷം രൂപയുടെ കണക്കുകൾ ഫിനാൻസ് ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി അടിയന്തരമായി റിപ്പോർട്ട് ഹാജരാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നതോടൊപ്പം സാംസ്കാരിക സ്ഥാപനങ്ങളുടെ ഓഡിറ്റിന്റെ കാര്യത്തിൽ ഗവൺമെന്റ് ഗൗരവമായ നിലപാട് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 15 | 2.14.4 | [ടൂറിസം] ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് | പൊതു ഖജനാവിൽ നിന്നുള്ള പണം ചെലവഴിച്ച് വാങ്ങുന്നതും ഉദ്യോഗസ്ഥർ കൈവശം സൂക്ഷിക്കുന്നതുമായ ഉപകരണങ്ങളുടെ കൈപ്പറ്റ് രസീത്, തിരിച്ചുവരവ് എന്നിവ നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.